# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഒക്ടോബർ 23 | ദീപം 58 | നാളം 33 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## തീമഴകൾ ഇനി പെയ്യാതിരിക്കട്ടെ !

"ഗാസയിലെ യുദ്ധം അവസാനിക്കുന്നുവെന്ന വാർത്തയറിഞ്ഞ് സന്തോഷംകൊണ്ടു ശ്വാസം മുട്ടുകയാണ്. എന്റെ മകൻ ഉടനെ മടങ്ങിവരും, അവനുവേണ്ടി ഞാൻ കാത്തിരിക്കുകയാണ്."



02



തോമസ് കുഴിഞ്ഞാലിൽ

## സർവനാശത്തിന്റെ എഴുത്തധിപതി



"തമാശകൾ ജീവിതംപോലെയാണെന്ന് നിങ്ങളുടെ മസ്തിഷ്കത്തിൽ ഉറപ്പിക്കൂ. മോശമായി തുടങ്ങുന്ന കാര്യങ്ങൾ മോശമായി അവസാനിക്കും. മധ്യത്തിലായിരിക്കും എല്ലാം നന്നായിരിക്കുന്നത്, നിങ്ങൾ പേടിക്കേണ്ടത് അതിന്റെ അവസാനത്തെക്കുറിച്ചാണ്." ലാസ്‌ലോ ക്രാസ്നഹോർകായ്‌യുടെ ഏറെ ആഘോഷിക്കപ്പെട്ട ഉദ്ധരണികളിലൊന്നാണിത്.



ഡോ. തോമസ് സ്കറിയ

03

## സമാധാനം അകലെയോ ?



09

രണ്ടുവർഷവും നാലു ദിവസവും നീണ്ടുനിന്ന ഈ യുദ്ധം മറ്റുള്ളവയിൽനിന്നു വ്യത്യസ്തമായി രണ്ടു രാഷ്ട്രങ്ങൾ തമ്മിലായിരുന്നില്ല. ഇസ്രയേൽ യുദ്ധം ചെയ്തത് ഹമാസ് എന്ന ഭീകരപ്രസ്ഥാനത്തോടാണ്. 565 ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഗാസ യുദ്ധഭൂമിയായെന്നേയുള്ളൂ.



ഡോ. കുര്യാസ് കുമ്പളക്കുഴി

## ദൈവത്തിനുപോലും രക്ഷയില്ലാത്ത കൊള്ളക്കാരുടെ നാട്





ഫാ. മാത്യു ചന്ദ്രൻകുന്നേൽ

07

## ഓർമ്മകളുടെ സുഗന്ധം പേറി ഒരു കലാലയം



08

രാഷ്ട്രപതി ഒക്. 23 ന് പാലായിൽ





അസി. പ്രൊ. സിജു ജോസഫ്

## എരിഞ്ഞടങ്ങുന്ന ഇന്ത്യൻ ഫുട്ബോൾ



15



അനിൽ പി. മാണി

# തീമഴകൾ ഇനി പെയ്യാതിരിക്കട്ടെ!



■ തോമസ് കുഴിഞ്ഞാലിൽ



ബെഞ്ചമിൻ നെതന്യാഹു



ഡൊണാൾഡ് ട്രംപ്



ഖലീൽ അൽ ഹയ്യ

“ഗാസയിലെ യുദ്ധം അവസാനിക്കുന്നുവെന്ന വാർത്തയറിഞ്ഞ് സന്തോഷംകൊണ്ടു ശ്വാസംമുട്ടുകയാണ്. എന്റെ മകൻ ഉടനെ മടങ്ങിവരും, അവനുവേണ്ടി ഞാൻ കാത്തിരിക്കുകയാണ്.”

2023 ഒക്ടോബർ 7 മുതൽ ഹമാസ് ഭീകരരുടെ തടവിൽക്കഴിയുന്ന മകന്റെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന അമ്മ ഐയ്നാവിനെ ടെൽ അവീവ് നഗരത്തിലെ ‘ഹോസ്റ്റേജ് ചത്വര’ത്തിൽ കണ്ടുമുട്ടിയപ്പോൾ മാധ്യമപ്രവർത്തകരോടു പറഞ്ഞ വാക്കുകളാണു മേലുദ്ധരിച്ചത്.

“വെടിനിർത്തലിനും രക്തച്ചൊരിച്ചിലിനും അന്ത്യംകുറിച്ച ദൈവത്തോടു നന്ദിയുണ്ട്”, ഖാൻ യൂനിസിലെ അബ്ദുൾ മജിദിന് സന്തോഷം അടക്കാനാവുന്നില്ല. രണ്ടു വർഷത്തെ രൂക്ഷമായ പോരാട്ടങ്ങൾക്കുശേഷം ഗാസയിലെ തീമഴ നിലയ്ക്കുമെന്ന വാർത്ത കേട്ടപ്പോൾ നമ്മുടെ മനസ്സുകളിലും ആശ്വാസകിരണങ്ങൾ തെളിയുന്നു.

സെപ്റ്റംബർ 29 ലെ ട്രംപിന്റെ ഇരുപതിന സമാധാനപദ്ധതിയുടെ ആദ്യഘട്ടമാണ് പ്രാബല്യത്തിലാകുന്നത്. മൂന്നാം ലോകയുദ്ധത്തിലേക്കു വഴിമാറിയേക്കുമോയെന്നു ഭയപ്പെട്ട വലിയൊരു സംഘർഷത്തിനാണ് അയവുവന്നത്. എട്ടു മാസത്തെ നിരന്തരമായ നയതന്ത്രനീക്കങ്ങൾക്കൊടുവിൽ പശ്ചിമേഷ്യയിലെ സമാധാനശില്പിയെന്നു ട്രംപിനു പേരുകിട്ടി. അറബ് രാജ്യങ്ങൾക്കു കൂടി താത്പര്യവും പങ്കാളിത്തവുമുള്ള ഒരു സമാധാനപദ്ധതിയായിരുന്നു ട്രംപ് മുന്നോട്ടുവച്ചത്. അമേരിക്കൻമേധാവിത്വം ഉറപ്പിക്കുക മാത്രമല്ല, ഇസ്രയേലിന്റെ താത്പര്യങ്ങൾകൂടി സംരക്ഷിക്കാനും ട്രംപിനു കഴിഞ്ഞു.

ഇസ്രയേലും ഹമാസ്നേതാക്കളും തമ്മിലുള്ള ചർച്ചകൾ ഫലംകണ്ടത് ലോകത്തോട് ആദ്യം വെളിപ്പെടുത്തിയ ട്രംപിന്റെ പ്രഖ്യാപനം ഇപ്രകാരമായിരുന്നു: “ഇസ്രയേലും ഹമാസും സമാധാനപദ്ധതിയിൽ ഒപ്പുവയ്ക്കുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ബന്ദികൾ ഉടൻ മോചിതരാകും. ഇസ്രയേൽ സൈന്യം കരാർപ്രകാരമുള്ള മേഖലയിലേക്കു പിൻവാങ്ങും. ഇസ്രയേലിനും അറബ് സമൂഹത്തിനും യു എസിനും ഇതു മഹത്തായ ദിനമാണ്. ഖത്തർ, ഈജിപ്ത്, തുർക്കി എന്നിവിടങ്ങളിൽനിന്നും എത്തിയ മധ്യസ്ഥർക്കു നന്ദി പറയുന്നു.”

ഈജിപ്തിന്റെ തലസ്ഥാനമായ കെയ്റോയ്ക്കു സമീപമുള്ള ഷാം എൽ ഷെയ്ക്കിൽ കഴിഞ്ഞ തിങ്കളാഴ്ചമുതൽ നടക്കുന്ന ചർച്ചകളാണ് വിജയംകണ്ടത്. അടിയന്തരമായി വിളിച്ചുചേർത്ത ഇസ്രയേൽ ക്യാബിനറ്റിന്റെ അംഗീകാരം ലഭിച്ചാൽ 24 മണിക്കൂറിനകം വെടി നിർത്തുമെന്നും, അടുത്ത 24 മണിക്കൂറിനുള്ളിൽ ഇസ്രയേൽസൈന്യം ഗാസയിൽനിന്നു പിന്മാറുമെന്നും, സേനാപിന്മാറ്റം പൂർത്തിയായി 72 മണിക്കൂറിനുള്ളിൽ ബന്ദികളെ മോചിപ്പിക്കുമെന്നുമാണ് ധാരണ. കരാർപ്രകാരം ജീവിച്ചിരിപ്പുണ്ടെന്നു കരുതുന്ന 20 ബന്ദികളെയും മരിച്ചുപോയി എന്നു വിശ്വസിക്കപ്പെടുന്ന 28 പേരുടെ മൃതദേഹങ്ങളും വിട്ടുനൽകണം. ഒരു ബന്ദിയുടെ മൃതദേഹാവശിഷ്ടത്തിനു പകരമായി 15 എന്ന കണക്കിൽ ഗാസക്കാരുടെ മൃതദേഹങ്ങളും വിട്ടുനല്കും. ബന്ദികൾക്കുപകരം 250 ജീവപര്യന്തം തടവുകാരെയും, 2023 ഒക്ടോബർ ഏഴിനുശേഷം ജയിലിലടച്ച സ്ത്രീകളും കുട്ടികളുമടങ്ങിയ 1,700 ഓളം ഗാസക്കാരെയും ഇസ്രയേൽ വിട്ടയയ്ക്കും. വെടിനിർത്തൽ പ്രാബല്യത്തിൽ വന്നുകഴിയുമ്പോൾ പ്രതിദിനം 400 ട്രക്കു സഹായവസ്തുക്കളും തുടർന്നുള്ള ദിവസങ്ങളിൽ 600 ട്രക്കുകളും ഗാസയിലേക്കു കടത്തിവിടും. യുദ്ധാനന്തരഗാസയുടെ ഭരണച്ചുമതല രാഷ്ട്രീയചായ്‌വില്ലാത്ത ഒരു സർക്കാരിനു കൈമാറാനും ധാരണയായിട്ടുണ്ട്. ‘ബോർഡ് ഓഫ് പീസ്’ എന്നു പേരിട്ട അന്താരാഷ്ട്രസമിതിയുടെ അധ്യക്ഷസ്ഥാനം യു എസ് പ്രസിഡന്റു വഹിക്കും. മുൻബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയർ, പ്രമുഖരാഷ്ട്രത്തലവന്മാർ എന്നിവർ രാജ്യാന്തര കൗൺസിലിലെ അംഗങ്ങളുമായിരിക്കും. ഗാസയുടെ പുനർനിർമാണത്തിനു രൂപരേഖ തയ്യാറാക്കുന്നതും, ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതും ഈ സമിതിയായിരിക്കും. പുനർനിർമാണം പൂർത്തിയാക്കിയശേഷം ഒരു പലസ്തീൻ രാഷ്ട്രം രൂപീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾക്കും തുടക്കംകുറിക്കും. അമേരിക്കയും അറബ് രാജ്യങ്ങളുമായി ചേർന്നു രൂപംകൊടുക്കുന്ന ‘ഇന്റർനാഷണൽ സ്റ്റെബിലൈസേഷൻ ഫോഴ്സ്’ ഗാസയിലെ ആഭ്യന്തരസുരക്ഷയും ക്രമസമാധാനപാലനവും നിർവഹിക്കും. ഗാസയെ സാമ്പത്തികമായി പുനരുജ്ജീവിപ്പിക്കുന്നതിന് ‘എ ട്രംപ് ഇക്കണോമിക് ഡവലപ്മെന്റ് പ്ലാൻ’ എന്ന പദ്ധതിക്കു രൂപംകൊടുക്കുമെന്നും കരാറിൽ വ്യവസ്ഥയുണ്ട്.

അതേസമയം, ഗാസയെ പൂർണമായും നിരായുധീകരിക്കണമെന്ന നിബന്ധനയോടും പുതുതായി രൂപംകൊടുക്കുന്ന സർക്കാരിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഹമാസിനു പങ്കാളിത്തമുണ്ടാകില്ലെന്ന വ്യവസ്ഥയോടും ചർച്ചയിൽ പങ്കെടുത്ത ഹമാസ് നേതൃത്വത്തിനു

**“വെടിനിർത്തലിനും രക്തച്ചൊരിച്ചിലിനും അന്ത്യം കുറിച്ച ദൈവത്തോടു നന്ദിയുണ്ട്”, ഖാൻ യൂനിസിലെ അബ്ദുൾ മജിദിന് സന്തോഷം അടക്കാനാവുന്നില്ല. രണ്ടു വർഷത്തെ രൂക്ഷമായ പോരാട്ടങ്ങൾക്കുശേഷം ഗാസയിലെ തീമഴ നിലയ്ക്കുമെന്ന വാർത്ത കേട്ടപ്പോൾ നമ്മുടെ മനസ്സുകളിലും ആശ്വാസകിരണങ്ങൾ തെളിയുന്നു.**

വിയോജിപ്പുള്ളത് കരാറിന്റെ രണ്ടാംഘട്ടം നടപ്പാക്കുന്നതിനു വിഘാതമാകും. ഇക്കാര്യത്തിൽ ഹമാസിന്റെ പ്രാദേശികനേതൃത്വത്തിന്റെ എതിർപ്പുകളാണ് മറികടക്കേണ്ടത്. ആയുധം താഴെ വയ്ക്കില്ലെന്ന അവരുടെ ദുശ്ശാഠ്യം ഇസ്രയേൽ അംഗീകരിക്കുകയുമില്ല.

ബന്ദികൾ മോചിതരായാലുടൻ ഗാസയിലെ ഭൂഗർഭതുരങ്കങ്ങളും ആയുധപ്പുരകളും തകർത്തുകളയാനും പദ്ധതിയുണ്ട്. ഭൂമിക്കടിയിലെ 500 കിലോമീറ്റർ ദൈർഘ്യമുള്ള ടണലുകളിലായിരിക്കുമോ ബന്ദികളെ ഒളിപ്പിച്ചിരിക്കുന്നത്, അതോ, മറ്റെവിടെയെങ്കിലുമായിരിക്കുമോ എന്നും നിശ്ചയമില്ല. ടണലുകളിലെവിടെയോ അവർ ഉണ്ടാകാമെന്ന നിഗമനത്തിൽ അവയിൽ പലതും തകർക്കാതെ ബാക്കിയിട്ടിരുന്നു. ചിലയിടങ്ങളിൽ 50 അടി ആഴത്തിൽവരെ തുരങ്കങ്ങളുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. അധികാരത്തിലേറിയ 2007 മുതലുള്ള 17 വർഷങ്ങളിലെ തയ്യാറെടുപ്പുകൾക്കൊടുവിലാണ് ഒക്ടോബർ ഏഴിലെ ആക്രമണമെന്നത് ശ്രദ്ധേയമാണ്. 2008, 2012, 2014, 2021 വർഷങ്ങളിൽ ഇസ്രയേലുമായി ഏറ്റുമുട്ടുമ്പോഴും വലിയൊരു യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ അതീവരഹസ്യമായി ഹമാസ് നേതൃത്വം നടത്തിയിരുന്നുവെന്നതിനു തെളിവാണ് ഭൂമിക്കടിയിൽ കണ്ടെത്തിയിട്ടുള്ള തുരങ്കശൃംഖല. ലോകത്തിലെ ഏറ്റവും മികച്ച ചാരസംഘടനയായ മൊസാദിനുപോലും സംശയംകൊടുക്കാത്തവിധം ഭൂമിക്കടിയിലേക്കു പല തട്ടുകളായി നിർമിച്ചിട്ടുള്ള തുരങ്കങ്ങളിലേക്കിറങ്ങാനും മുകളിലേക്കു കയറാനും ലിഫ്റ്റുകൾപോലും ഘടിപ്പിച്ചിട്ടുണ്ടെന്നു തടവിൽനിന്നു മുമ്പു മോചിതരായ ബന്ദികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഹമാസിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ഖലിൽ അൽ ഹയ്യയും ഔദ്യോഗികവക്താവ് താഹെർ അൽ നുനുവുമാണ് ഷാം എൽ ഷെയ്ക്കിലെ ചർച്ചകളിൽ ഹമാസിനെ പ്രതിനിധീകരിച്ചത്. പശ്ചിമേഷ്യൻകാര്യങ്ങൾക്കുള്ള ട്രംപിന്റെ പ്രത്യേക പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ്, ട്രംപിന്റെ മരുമകനും പ്രസിഡന്റിന്റെ മുഖ്യോപദേശകനുമായ ജാറദ് കുഷ്നർ എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി. ഖത്തർ പ്രധാനമന്ത്രി ഷെയ്ക് മുഹമ്മദ് ബിൻ അബ്ദുൾ റഹ്മാൻ ബിൻ ജാസിം അൽ താനി, ഈജിപ്തിന്റെ രഹസ്യാന്വേഷണവിഭാഗം തലവൻ ഹസ്സൻ റഷദ്, തുർക്കിയുടെ ഇന്റലിജൻസ് മേധാവി ഇബ്രാഹിം കാലിൽ എന്നിവർ മധ്യസ്ഥരായിരുന്നു. നെതന്യാഹുവിന്റെ വിശ്വസ്തനും നയതന്ത്രജ്ഞനുമായ റോം ഡെർമെർ ഇസ്രയേലിനെ പ്രതിനിധീകരിച്ചു. ബന്ദികളെ സംബന്ധിച്ച ചർച്ചകൾക്കിടയിൽ ഇസ്രയേൽസൈന്യം വധിച്ച യാഹ്യ സിൻവാറിന്റെയും അയാളുടെ സഹോദരൻ മുഹമ്മദ് സിൻവാറിന്റെയും മൃതദേഹങ്ങൾ വിട്ടുകിട്ടണമെന്ന ഹമാസ് പ്രതിനിധികളുടെ ആവശ്യം മധ്യസ്ഥരെ വല്ലാതെ കുഴപ്പിച്ച സംഗതിയാണ്. 2007 മുതൽ 7വർഷം ഗാസയുടെ പ്രധാനമന്ത്രിയായിരുന്ന യാഹ്യ സിൻവാറിനെ 2024 ഒക്ടോബർ 31 നും, അയാളുടെ പിൻഗാമിയായിരുന്ന മുഹമ്മദ് സിൻവാറിനെ ഈ വർഷം മേയ് 13 നുമാണ് മിസൈലാക്രമണങ്ങളിൽ ഇസ്രയേൽസൈന്യം കാലപുരിക്കയച്ചത്. കഴിഞ്ഞമാസം 9-ാം തീയതി ദോഹയിലെ ഹമാസ്കേന്ദ്രത്തിനുനേരേ ഇസ്രയേൽ നടത്തിയ മിസൈലാക്രമണത്തിൽനിന്നു രക്ഷപ്പെട്ട ഹമാസ്നേതാക്കളിൽ പ്രധാനിയാണ് ഖലിൽ അൽ ഹയ്യ. ഹമാസ് സംഘത്തെ നയിച്ച ഹയ്യ, ഖുറാൻ ഇസ്ലാമിക് സർവകലാശാലയിൽനിന്നു തത്ത്വശാസ്ത്രത്തിൽ ഡോക്ടറേറ്റു നേടിയ ബിരുദാനന്തര ബിരുദധാരികൂടിയാണ്. 2006 ലെ തിരഞ്ഞെടുപ്പിൽ പലസ്തീൻ ലെജിസ്ലേറ്റീവ് കൗൺസിലിലേക്കു ഗാസയുടെ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു. സിൻവാർ സഹോദരന്മാർ കൊല്ലപ്പെട്ടശേഷം ഗാസയുടെ ഭരണം നിയന്ത്രിക്കുന്ന അഞ്ചംഗസംഘത്തിനു നേതൃത്വം നൽകുന്നതും ഹയ്യയാണ്. ഖാലിദ് മഷാൽ, സാഹെർ ജബാറിൻ, മുഹമ്മദ് ദാർവിഷ്, നിസാർ ഔദുള്ള എന്നിവരാണ് മറ്റു നാലുപേർ. 48 ബന്ദികൾക്കു പകരമായി ഇസ്രയേൽ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഇവർ നല്കിയ നീണ്ട പട്ടികയിൽ ഹമാസ്നേതാക്കളായ ഹസ്സൻ സാൽമെ, അബ്ബാസ് അൽ സയ്യദ്, ഇബ്രാഹിം ഹമദ്, മുഹമ്മദ് ഇസ്സ, അഹമ്മദ് സാദത്ത്, മർവാൻ ബർഹൂതി തുടങ്ങിയ കൊടുംഭീകരരുമുണ്ട്. പലസ്തീൻ വിമോചന പോപ്പുലർ ഫ്രണ്ടിന്റെ നേതാവായിരുന്ന സാദത്ത് 30 വർഷത്തെ തടവുശിക്ഷ അനുഭവിച്ചുവരുകയാണ്. അഞ്ചുപേരുടെ മരണത്തിനിടയാക്കിയ ഭീകരാക്രമണം നടത്തിയ ബർഹൂതി ജീവപര്യന്തം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു ജയിലിൽ കഴിയുന്നു. വെസ്റ്റ് ബാങ്കു ഭരിക്കുന്ന പലസ്തീൻ അതോറിറ്റിയുടെ പ്രസിഡന്റായ മഹ്മൂദ് അബ്ബാസിന്റെ പിൻഗാമിയാകുമെന്നു പരക്കെ വിശ്വസിക്കപ്പെടുന്ന വ്യക്തിയാണ് ബർഹൂതി.


(ശേഷം 12-ാം പേജിൽ)



വചനനാളം

ഒക്ടോബർ 26
ഏലിയാസ്ലീവാ മൂശക്കാലം
എട്ടാം ഞായർ
മൂശെ നാലാം ഞായർ

നിയ 12:29–32
ഏശയ്യ 42:1–9
1 തിമോ 5:1–10
മത്താ 22:23–33



# പ്രബോധനങ്ങളിൽ തെറ്റു പറ്റരുത്



ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

**ഏ**ലിയാ സ്ലീവാ മൂശക്കാലത്തെ അവസാനഞായറാഴ്ചയായ ഇന്ന് ദൈവവചനപ്രഘോഷണങ്ങളെല്ലാം തെറ്റായ പ്രബോധനങ്ങളിൽ വീഴാതിരിക്കുന്നതിനെക്കുറിച്ചും ശരിയായവിധത്തിൽ പ്രബോധനങ്ങൾ നല്കുന്നതിനെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. സുവിശേഷത്തിൽനിന്നു ശ്രവിക്കുന്നത് മരണാനന്തരജീവിതത്തെക്കുറിച്ചുള്ള പ്രബോധനമാണ്. ഈശോയുടെ പഠിപ്പിക്കലിന്റെ പ്രധാനവിഷയം സ്വർഗരാജ്യവും സ്വർഗരാജ്യപ്രവേശനവും മരണാനന്തരജീവിതവുമായിരുന്നു. ആദിമസഭയുടെ വിശ്വാസത്തിന്റെ കേന്ദ്രവും മിശിഹായുടെ ഉത്ഥാനമായിരുന്നു. പൗലോസ് ശ്ലീഹാ പ്രഘോഷിക്കുന്നത് മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസവും ഞങ്ങളുടെ പ്രസംഗവും വ്യർഥം എന്നാണ്.

മരിച്ചവരുടെ ഉത്ഥാനത്തെക്കുറിച്ചുള്ള ചോദ്യവുമായാണ് ഇന്നത്തെ സുവിശേഷഭാഗം ആരംഭിക്കുന്നത്. സദുക്കായരാണ് ചോദ്യമുയർത്തുന്നത്. യഹൂദന്മാരുടെ അധികാരശ്രേണിയിൽ മുമ്പന്തിയിൽ ഉള്ളവരായിരുന്നു സദുക്കായർ. തോറായായിരുന്നു ഇവർ സുപ്രധാനഗ്രന്ഥമായി കരുതിയിരുന്നത്. തോറായിൽ, മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു വ്യക്തമായ പ്രതിപാദ്യം ഇല്ലാത്തതുകൊണ്ട് ഇസ്രയേൽക്കാരുടെയിടയിൽ ക്രമേണ വെളിവാക്കപ്പെട്ട മരിച്ചവരുടെ ഉത്ഥാനം എന്ന യാഥാർഥ്യത്തോട് ഇവർ പൊരുത്തപ്പെട്ടിരുന്നില്ല. ഈശോയുടെ പഠിപ്പിക്കലിനെ ഇവർ നിരന്തരം ചോദ്യം ചെയ്തിരുന്നു.

ഒരിക്കൽ ഈശോ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് എതിർവാദമുളവാക്കാൻ ഒരു ദൃഷ്ടാന്തവുമായി സദുക്കായർ ഈശോയെ സമീപിക്കുകയാണ്. തോറായിൽ (മൂശയുടെ ഗ്രന്ഥത്തിൽ) പറഞ്ഞിരിക്കുന്നതനുസരിച്ച് വിവാഹിതനായ ഒരുവൻ മക്കളില്ലാതെ മരിച്ചാൽ അവന്റെ സഹോദരൻ ആ സ്ത്രീയെ സ്വീകരിച്ച് മരണപ്പെട്ട സഹോദരനുവേണ്ടി സന്താനങ്ങളെ ജനിപ്പിക്കണം എന്നുണ്ടായിരുന്നു. ഈ നിയമത്തിന്റെ പശ്ചാത്തലം പിടിച്ച് ഈശോയെ വാക്കിൽക്കുടുക്കുന്നതിനുവേണ്ടി സദുക്കായർ ഒരു ദൃഷ്ടാന്തം ഉണ്ടാക്കുകയാണ്. ഏഴു സഹോദരന്മാർക്കു ഭാര്യയായ ഒരുവൾ പുനരുത്ഥാനത്തിൽ ആരുടെ ഭാര്യയായിരിക്കും? ഈ ദൃഷ്ടാന്തം അവതരിപ്പിച്ചുകൊണ്ട് മരിച്ചവരുടെ പുനരുത്ഥാനം എന്നകാര്യം അർഥരഹിതമാണ് എന്നു വാദിക്കുകയാണ് സദുക്കായരുടെ ലക്ഷ്യം. ആ ചോദ്യത്തിന് ഉത്തരം നല്കാതെ സദുക്കായരുടെ പ്രബോധനങ്ങളും അവകാശവാദങ്ങളും തീർത്തും തെറ്റാണെന്ന് ഈശോ പ്രഖ്യാപിക്കുകയാണ്. വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ അവർക്കു തെറ്റു പറ്റിയിരിക്കുന്നു എന്നാണ് ഈശോ പറയുന്നത്. അവർ വിശുദ്ധലിഖിതങ്ങളെയും ദൈവത്തിന്റെ ശക്തിയെയും കേവലം മാനുഷികതലത്തിൽമാത്രമാണ് കാണുന്നത്. അതിനാലാണ് അവർക്കു തെറ്റുപറ്റുന്നത്. സദുക്കായരുടെ തെറ്റായ പ്രബോധനങ്ങളെക്കുറിച്ചു ജാഗ്രത പുലർത്തണമെന്ന് ഈശോ കൂടക്കൂടെ ഓർമിപ്പിച്ചിരുന്നു. സദുക്കായരുടെയും ഫ്രീശരുടെയും പുളിമാവിനെക്കുറിച്ചു സൂക്ഷിക്കാൻ ഈശോ പറയുമ്പോൾ ലക്ഷ്യം വച്ചിരുന്നത് അവരുടെ തെറ്റായ പ്രബോധനങ്ങളെ സൂക്ഷിക്കണം എന്ന കാര്യമാണ്. കാണപ്പെടുന്ന സൃഷ്ടവസ്തുക്കൾക്കുമുപരിയായി ദൈവത്തെയും ദൈവികകാര്യങ്ങളെയും അവർ കരുതിയിരുന്നില്ല. അതിനാൽ അവർക്കു തെറ്റുപറ്റിയിരുന്നു. ഈശോമിശിഹായിലൂടെ വെളിവാക്കപ്പെട്ടതും പഴയനിയമത്തിന്റെ പൂർത്തീകരണവുമായ ദൈവത്തെക്കുറിച്ചുള്ള അറിവ് അവർ സ്വീകരിച്ചിരുന്നില്ല. ഭൗതികതലത്തിൽ ജീവിക്കാനുള്ള നിയമങ്ങളും നിർദേശങ്ങളും മാത്രം നല്കുന്ന ഒരു നിയമദാതാവായിട്ടാണ് ദൈവത്തെ കണ്ടിരുന്നത്. ഈശോമിശിഹാ അതു തിരുത്തി പഠിപ്പിക്കുന്നു. ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്തേക്കുവേണ്ടിയുള്ള ഒരു കാര്യം മാത്രമാണ് ദൈവം എന്ന അവരുടെ ചിന്തയെ ഈശോ മാറ്റുകയാണ്. ദൈവം എന്നും ജീവിക്കുന്നവനാണ് എന്നും. ദൈവത്തിന്റെ മുമ്പിൽ എല്ലാവരും ജീവിക്കുന്നു എന്നും ഈശോ വ്യക്തമാക്കുന്നു. അബ്രാഹവും ഇസഹാക്കും യാക്കോബും ദൈവത്തിന്റെ സന്നിധിയിൽ ഇപ്പോഴും ജീവിക്കുന്നു എന്നും അവിടുത്തെ സന്നിധിയൽ മരിച്ചവർ ഇല്ല, അവിടുന്ന് നിത്യം ജീവിക്കുന്നവനാണ് എന്നും ഈശോ വ്യക്തമാക്കുന്നു. ഭൗമികതലത്തിലുള്ള ജീവിതം സ്വർഗതലത്തിലുള്ളതിൽനിന്നു തികച്ചും വ്യത്യസ്തമാണെന്നും സ്വർഗതലത്തിൽ എല്ലാവരും ദൈവത്തിന്റെ മാലാഖമാരെപ്പോലെയാണെന്നും ഈശോ വ്യക്തമാക്കുന്നു.

**ആധുനികകാലത്തും മരണത്തെക്കുറിച്ചും യുഗാന്തത്തെക്കുറിച്ചും പലപ്പോഴും തെറ്റായ പ്രബോധനങ്ങളുണ്ടാകുമ്പോൾ യഥാർഥ വിശ്വാസത്തോടു ചേർന്നുനിന്ന് വിശ്വാസത്തിൽ ആഴപ്പെടണമെന്നാണ് ഇന്നത്തെ തിരുവചനഭാഗങ്ങൾ പറയുന്നത്.**

തെറ്റായെ ദൈവസങ്കല്പങ്ങളുടെ പിന്നാലെ, മാനുഷികകണ്ടെത്തലുകളായ ദൈവങ്ങളുടെ പിന്നാലെ പോകരുതെന്ന കാര്യമാണ് നിയമാവർത്തനപ്പുസ്തകത്തിൽനിന്നുമുള്ള ഒന്നാമത്തെ പ്രഘോഷണത്തിൽ പറയുന്നത്. ജനതകളുടെയിടയിൽ നിലനിന്നിരുന്ന ദൈവസങ്കല്പങ്ങളുടെ പിന്നാലേ പോകരുത്. തങ്ങളുടെ ദൈവങ്ങളെ പ്രീതിപ്പെടുത്തുന്നതിന് മനുഷ്യബലിയർപ്പണം തുടങ്ങി പല മ്ലേച്ഛപ്രവൃത്തികളും ജനതകൾ ചെയ്തിരുന്നു. അപ്രകാരമുള്ള തെറ്റായ അറിവുകളുടെ പിന്നാലെ ചരിക്കാതെ കർത്താവിന്റെ നിയമമനുസരിച്ചു ജീവിക്കാനാണ് മൂശയിലൂടെ കർത്താവ് അരുൾചെയ്യുന്നത്. കർത്താവിനു മഹത്ത്വം നല്കാനും അവിടുത്തെ മഹത്ത്വത്തിനു നിരക്കാത്ത യാതൊരു പ്രവൃത്തികളിലും വ്യാപരിക്കരുതെന്നും നിയമാവർത്തനഗ്രന്ഥത്തിൽനിന്നുമുള്ള വചനം പ്രബോധിപ്പിക്കുന്നു. വരാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള പ്രവചനമാണ് ഏശയ്യായുടെ പുസ്തകത്തിൽനിന്നു ശ്രവിക്കുന്നത്. മുളപൊട്ടുന്നതിനുമുമ്പേ വരാനിരിക്കുന്ന കർത്താവിന്റെ അഭിഷിക്തനെക്കുറിച്ച് അറിവുനല്കുന്ന പ്രവചനമാണ് ഏശയ്യായുടെ പുസ്തകത്തിൽനിന്നുമുള്ളത്. അവിടുന്ന് എല്ലാ ജനതകൾക്കും നീതി പ്രദാനം ചെയ്യുന്നവനാണ്. കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ടവനും പ്രീതിപാത്രവുമായ അവിടുത്തെ വാക്കുകൾക്കു ചെവികൊടുക്കണമെന്നാണ് പ്രവാചകൻ പറയുന്നത്.

തെറ്റായ പ്രബോധനങ്ങളിലും പ്രവൃത്തികളിലും വീണുപോകാതെ എല്ലാവരെയും ഉപദേശിക്കണമെന്നാണ് പൗലോസ്ശ്ലീഹാ തിമോത്തിയോസിനെഴുതിയ ലേഖനത്തിലൂടെ പഠിപ്പിക്കുന്നത്. ആധുനികകാലത്തും മരണത്തെക്കുറിച്ചും യുഗാന്തത്തെക്കുറിച്ചും പലപ്പോഴും തെറ്റായ പ്രബോധനങ്ങളുണ്ടാകുമ്പോൾ യഥാർഥ വിശ്വാസത്തോടു ചേർന്നുനിന്ന് വിശ്വാസത്തിൽ ആഴപ്പെടണമെന്നാണ് ഇന്നത്തെ തിരുവചനഭാഗങ്ങൾ പറയുന്നത്. മിശിഹായുടെ ഉത്ഥാനത്തിൽ പങ്കാളികളായി നിത്യജീവൻ പ്രാപിക്കുന്നതിന് യോഗ്യമായവിധത്തിൽ ജീവിക്കാൻ ഏലിയാ സ്ലീവാ മൂശക്കാലം നമ്മെ ആഹ്വാനം ചെയ്യുന്നു.


■




## നിത്യജീവദായകമന്ന

### ദിവ്യകാരുണ്യം ഭോജ്യമാക്കിയവർ

ഫാ. സിറിയക് തെക്കേക്കുറ്റ് MCBS




ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും ദിവ്യകാരുണ്യത്തിന്റെ ശക്തിയാൽ ജീവിച്ച വിശുദ്ധരുടെ ജീവിതമാതൃക അനുകരിക്കാനും ഈ പുസ്തകം സഹായിക്കും. **പ്രസാധനം: ലൈഫ് ഡേ ബുക്സ് കോട്ടയം, വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില: ₹ 70**

## സിംഹത്താൻ ഭാഗവതർ

### മാത്യൂസ് ആർപ്പൂക്കര




ഗുണപാഠവും സാന്മാർഗികതയും സന്നിവേശിക്കുന്ന ഇതിലെ ഓരോ കഥയും ഇതിവൃത്തത്തിലും ശൈലിയിലും വ്യത്യസ്തത പുലർത്തുന്നു. ഒരു മിഠായിപ്പൊതി തുറക്കുന്ന പ്രിയത്തോടെയും കൗതുകത്തോടെയും ഈ കഥകൾ കുട്ടികൾ വായിച്ചുതീർക്കും. **പ്രസാധനം: സൺഷൈൻ ബുക്സ് തൃശൂർ, വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില: ₹ 100**

സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസ്, ജീനായുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് രണ്ടു പ്രാവശ്യം വായിച്ചു. 'കൈഞരമ്പ് മുറിഞ്ഞ് രക്തം വാർന്നുപോയതു മൂലമുണ്ടായ മരണം' എന്ന കണ്ടെത്തലാണതിലുള്ളത്. ആത്മഹത്യയാണെന്നു വ്യക്തമാക്കുന്ന നിഗമനങ്ങളൊന്നും തന്നെ അതിലില്ല. മരണകാരണം കണ്ടെത്തേണ്ട ചുമതല പൊലീസിന്റെ തലയിലേക്കു വന്നിരിക്കുന്നു! അവളുടെ ഭർത്താവായ റോണിയെയും സഹപാഠിയായിരുന്ന ശ്രീജിത്തിനെയും ഉടനെ കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്യേണ്ടിയിരിക്കുന്നു. ആലോചിക്കുംതോറും ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങൾ മനസ്സിലുയരുകയാണ്.

മൊബൈൽ ഫോൺ ശബ്ദിച്ചപ്പോൾ സർക്കിൾ ഇൻസ്പെക്ടറുടെ ചിന്തകൾ മുറിഞ്ഞു.

കോൾ എസ്.പി.യുടേതായിരുന്നു.

"ഹലോ... സർ. കിട്ടി. ഞാൻ പഠിച്ചുകൊണ്ടിരിക്കുകയാണ്."

"താൻ പഠിത്തം തുടങ്ങിയിട്ട് കുറേ ദിവസങ്ങളായല്ലോ. ഇതുവരെ എന്തെങ്കിലും ആക്ഷനെടുത്തോ?"

"സർ എവിഡൻസ് ശേഖരിക്കുകയും മൊഴിയെടുക്കുകയുമൊക്കെ ചെയ്തുവരികയാണ്."

"ഇതുവരെ ഒരാളെയെങ്കിലും അറസ്റ്റു ചെയ്തോ?"

"ഇല്ല സാർ. കൃത്യമായ എവിഡൻസില്ലാതെ..."

"ഏതെങ്കിലുമൊരുത്തനെ പൊക്കി അകത്തിടടോ. ആക്ഷൻ കമ്മിറ്റിക്കാരുടെ പൊലീസ് സ്റ്റേഷൻ മാർച്ച് എങ്ങനെയും തടയണം."

"അത്... ചെയ്യാം സാർ. ഉടനെ ചെയ്യാം സാർ." സി.ഐ. വെപ്രാളത്തോടെ പറഞ്ഞു.

എസ്.പി. ഫോൺ വച്ചു.

സർക്കിൾ ഇൻസ്പെക്ടറുടെ നെറ്റിയിൽ വിയർപ്പുപൊടിഞ്ഞു.

എസ്.പി.ക്കു മുകളീന്നുള്ള സമ്മർദമുണ്ടായെന്നു തീർച്ച. മാധ്യമങ്ങളുടെ തള്ളൽ വർധിക്കുമ്പോൾ രാഷ്ട്രീയക്കാർക്കു ചൂടുപിടിക്കും. മന്ത്രിയുടെമേൽ സമ്മർദമുണ്ടാകും. പ്രതിപക്ഷം കളത്തിലിറങ്ങും. വളരെ ശ്രദ്ധയോടെ നല്ല രീതിയിൽ അന്വേഷണം പുരോഗമിക്കുമ്പോഴാണ് ഇത്തരം ഇടപെടലുകളുണ്ടാകുന്നത്.

സി.ഐ. മോഹൻതോമസ്, എച്ച്.സി. രാജീവനെ ഓഫീസിലേക്കു വിളിപ്പിച്ചു.

"രാജീവാ, ആക്ഷൻ കമ്മിറ്റിയുടെ സ്റ്റേഷൻ മാർച്ചിനുമുമ്പ് ഒരാളെ കസ്റ്റഡിയിലെടുക്കണമെന്നാണ് മുകളീന്നുള്ള കർശന നിർദേശം. അതാരെ വേണം?" സി.ഐ. അഭിപ്രായം ചോദിച്ചു.

"കിണറ്റിൽനിന്നു കിട്ടിയ ജീനായുടെ ചിത്രത്തിന്റെയൊപ്പം ശ്രീജിത്തെന്നു രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. സംഭവം നടക്കുന്നതിന്റെ തലേദിവസം ഒരജ്ഞാതൻ ജീനായെ സന്ദർശിച്ചതായ അയൽവാസിയുടെ മൊഴിയുമുണ്ട്. ഇയാൾ ജീനായുടെ സഹപാഠിയാണെന്നു വ്യക്തമാക്കിയിട്ടുമുണ്ട്. ശ്രീജിത്തിനെത്തന്നെ കസ്റ്റഡിയിലെടുക്കാം." രാജീവൻ യുക്തിപൂർവം അഭിപ്രായപ്പെട്ടു.

സി.ഐ. മോഹൻതോമസ് ചിന്താധീനനായി നിശ്ശബ്ദനായിരുന്നു.

"നമ്മൾ ഇതുവരെ ജീനായുടെ ഭർത്താവിനെ ചോദ്യം ചെയ്തിട്ടില്ല. അവൻ ഷോക്കിലാണല്ലോ എന്നു കരുതിയാണ് താമസിച്ചത്."


"അവന്റെ അപ്പനായ മേടയ്ക്കൽ മാത്തുക്കുട്ടിയോട് നമ്മൾ ഒരു കാരുണ്യവും കാണിച്ചില്ല." രാജീവൻ പറഞ്ഞു.

"അതിനു കാരണമുണ്ട്. വാദിയായ ജീനായുടെ സഹോദരൻ ചൂണ്ടിക്കാട്ടിയിരുന്നത് മേടയ്ക്കനെയാണ്. അവൻ ആ ഒരാളെ മാത്രമേ സംശയിക്കുന്നുള്ളൂ."

"റോണിയെ കസ്റ്റഡിയിലെടുത്താൽ വലിയ ബ്രേക്കിങ് ഉണ്ടാകും. ഭർത്താവ് കസ്റ്റഡിയിൽ എന്ന ടൈറ്റിൽ വരും." രാജീവൻ പറഞ്ഞു.

"അതു തൽക്കാലം വേണ്ട. രാജീവൻ ആദ്യം പറഞ്ഞതാണ് കൂടുതൽ നല്ലത്. ശ്രീജിത്തിനെത്തന്നെ കസ്റ്റഡിയിലെടുക്കാം." സി.ഐ. തീരുമാനത്തിലെത്തി.

അന്ന് ഉച്ചകഴിഞ്ഞ് രണ്ടരയായപ്പോൾ സർക്കിൾ ഇൻസ്പെക്ടർ മോഹൻതോമസ് സൺസ്റ്റാർ കൺസ്ട്രക്ഷൻസിന്റെ കൊച്ചിയിലെ ഓഫീസിലെത്തി. എം.ഡി. സുരേഷ് കുമാർ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി.



"ഞാൻ വന്നത് ഒരു പ്രധാന കാര്യത്തിനാ. ഇവിടുത്തെ ആർക്കിടെക്ട് ആർ. ശ്രീജിത്തിനെ കാണണം."

"എന്താ സാർ പ്രോബ്ലം?" എം.ഡി. തെല്ലു വിളറി.

"പ്രോബ്ലം നമ്മൾ തമ്മിൽ പറയേണ്ടതല്ല. അയാളെ വിളിക്ക്."

"ശ്രീജിത്ത് ഇവിടെയില്ല സാർ. അദ്ദേഹം സൗദിയിലാണിപ്പോൾ. അവിടെ ഞങ്ങൾക്കു ബ്രാഞ്ചും ബിസിനസ്സുമുണ്ട്."

"എന്നാണ് സൗദിയിലേക്കു പോയത്"

"രണ്ടുദിവസം മുമ്പ്. എന്താ സാർ പ്രശ്നം?"

"പ്രശ്നങ്ങളുണ്ടല്ലോ. അദ്ദേഹം വിവാഹിതനാണോ?"

"അല്ല. ആള് വളരെ ചെറുപ്പമാണ്. ടാലന്റുമാണ്. കേരളത്തിലും പുറത്തും ശ്രീജിത്തിന്റെ പ്ലാനിൽ വമ്പൻ പ്രോജക്ടുകളാണ് ഞങ്ങൾ ചെയ്യുന്നത്."

"നല്ല കാര്യം. കെട്ടിടങ്ങളുടെ പ്ലാനല്ലാതെ ആളുകളുടെ ചിത്രവും വരയ്ക്കാറുണ്ടോ ശ്രീജിത്ത്?"



നോവൽ 12

# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

"ഫാന്റസിക്കായിട്ട് വരയ്ക്കും. അത്യപൂർവമായി മാത്രമേ അതു ചെയ്യാറുള്ളൂ. എവിടെ സമയം? ഇവിടെ വരുന്ന വമ്പൻ പ്രോജക്ടുകൾ തീർത്തുകൊടുക്കാൻതന്നെ സമയം കിട്ടുന്നില്ല. മലയാളത്തിലെ ഇപ്പോഴത്തെ ഒരു സൂപ്പർസ്റ്റാറിന്റെ വീടിന്റെ പ്ലാനും ഡിസൈനും ശ്രീജിത്തിന്റേതായിരുന്നു. വീടുപണി തീർന്നപ്പോൾ താരത്തിന്റെ ഒരു ചിത്രംകൂടി വരയ്ക്കണമെന്ന് ആഗ്രഹം. അവൻ വരച്ചു. സൂപ്പർസ്റ്റാറിനതു വല്ലാതെയിഷ്ടപ്പെട്ടു. സമ്മാനമായി ഒരു കാറാണ് കിട്ടിയത്."

"ഹൊ! അപ്പോൾ ആള് അടിമുടി കലാകാരനാണല്ലോ."

"അതേ സാർ."

ഇദ്ദേഹത്തിന് വലിയ സാലറി കൊടുക്കേണ്ടിവരുമല്ലോ" എം.ഡി. മറുപടി പറഞ്ഞില്ല. ചിരിച്ചതേയുള്ളൂ.

"ഇനി, ഞാൻ അദ്ദേഹത്തെ തിരക്കി വന്നതിന്റെ കാരണം പറയാം. ഇന്നിപ്പോൾ നമ്മുടെ കേരളത്തിൽ ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയം ജീനാ എന്ന പെൺകുട്ടിയുടെ മരണമാണ്."

"അതേ. ടീ.വിയിലും പത്രത്തിലുമൊക്കെ കാണുന്നുണ്ട്. അതിലും വലിയ മറ്റൊരു സംഗതി വരുംവരെ അതു ചർച്ച ചെയ്യപ്പെട്ടേക്കും." എം.ഡി. സുരേഷ്കുമാർ പറഞ്ഞു.

"ജീനായും നമ്മുടെ ശ്രീജിത്തും കാലിക്കട്ട് എഞ്ചിനീയറിങ് കോളജിൽ ഒരുമിച്ചുപഠിച്ചവരാണ്." സി.ഐ. സൂചിപ്പിച്ചു.

"ഹൊ! അതൊന്നും എനിക്കറിയില്ല."

"ജീനായുടെ മരണം ആത്മഹത്യയാണോ കൊലപാതകമാണോ എന്ന് പോസ്റ്റുമോർട്ടത്തിൽപോലും ഉറപ്പായിട്ടില്ല. കൊലപാതകമാകാനുള്ള സാധ്യതയാണ് കൂടുതൽ. ശ്രീജിത്ത് ജീനാ മരണപ്പെട്ടതിന്റെ തലേദിവസം, അവൾ മാത്രമുള്ളപ്പോൾ അവിടെ പോയിരുന്നു എന്നു കൃത്യമായ തെളിവുകിട്ടി. മറ്റു ചില പ്രധാനതെളിവുകളും ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. കസ്റ്റഡിയിലെടുത്തേ പറ്റൂ."

എം.ഡി. വല്ലാതെ പരിഭ്രാന്തനായി.

"സാർ... ഞാൻ മനസ്സിലാക്കിയിട്ടുള്ള ശ്രീജിത്തിന് ഒരിക്കലും ഒരു കൊലപാതകിയായാൻ കഴിയില്ല. വേറൊന്നും എനിക്കു പറയാനില്ല."

"ശ്രീജിത്തിന്റെ മൊബൈൽ നമ്പരും സൗദിയിലെ നിങ്ങളുടെ സ്ഥാപനത്തിന്റെ നമ്പരും മെയിൽ അഡ്രസ്സുകളും വേണം." സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു.

എം.ഡി. സുരേഷ് കുമാറിന്റെ മുഖം വല്ലാതായി. അയാൾ ഒട്ടും മടിക്കാതെ അഡ്രസ് കാർഡുകളെടുത്ത് ഇൻസ്പെക്ടർക്കു നൽകി.

സി.ഐ. മോഹൻ തോമസ് പോകാനെഴുന്നേറ്റു. എം.ഡി. സുരേഷ്കുമാർ വാതിൽക്കലോളം അദ്ദേഹത്തെ അനുഗമിച്ചു.

* * * *

യൂണിഫോം ധരിക്കാതെ മഫ്തിവേഷത്തിലാണ് ഹെഡ് കോൺസ്റ്റബിൾ രാജീവൻ ബുള്ളറ്റ് ഓടിച്ച് വാകത്താനം സുകുമാരന്റെ വീട്ടിലെത്തിയത്. വിമുക്തഭടനായ സുകുമാരൻ ടി.വിയിൽ ഏതോ പഴയ ജയൻപടം കണ്ടുകൊണ്ടിരിക്കുകയായിരുന്നു. കോളിങ്ബെൽ മൂന്നുതവണ അടിച്ചപ്പോഴാണ് സുകുമാരേട്ടൻ വാതിൽ തുറന്ന് മുഖം കാട്ടിയത്.

"ങും... ആരാ?" സുകുമാരേട്ടൻ കട്ടിക്കണ്ണടയിലൂടെ നോക്കി.

"ഞാൻ ഹെഡ്കോൺസ്റ്റബിൾ രാജീവൻ." അദ്ദേഹം ഐ.ഡി. കാർഡ് പോക്കറ്റിൽനിന്നെടുത്ത് ഉയർത്തിക്കാട്ടി.

"വാ... കയറി വാ... കഴിഞ്ഞ ദിവസം സർക്കിൾ ഇവിടെ വന്നിരുന്നു." സുകുമാരൻ പറഞ്ഞു.

രാജീവൻ ചെരിപ്പു പുറത്തിട്ട് അകത്തേക്കു കയറി. സുകുമാരൻ അദ്ദേഹത്തെ സെറ്റിയിൽ സ്വീകരിച്ചിരുത്തി.

"സുകുമാരേട്ടനോടു ചില കാര്യങ്ങൾകൂടി ചോദിച്ചറിയാൻ സി.ഐ. പറഞ്ഞുവിട്ടതാ." രാജീവൻ പറഞ്ഞു.

"ചോദിച്ചോളൂ. അറിയാവുന്നതൊക്കെ പറയാം." സുകുമാരൻ രാജീവനെതിരേ കസേരയിലിരുന്നു.

"ഈ റോണീമായിട്ട് സുകുമാരേട്ടൻ നല്ല കമ്പനിയായിരുന്നോ?"

"സത്യം പറഞ്ഞാൽ ഞങ്ങളു തമ്മിൽ ഒരടുപ്പോമില്ലായിരുന്നു. ഞാനൊരു പഴഞ്ചൻ പട്ടാളക്കാരൻ. കെട്ട്യോളില്ല. മക്കളില്ല, പ്രായവുമായി. നേരിൽ കണ്ടാൽ ചിലപ്പോ, ഒന്നു ചിരിക്കും. അത്രേയുള്ളൂ ബന്ധം."

"ആ പെൺകൊച്ചിന്റെ രീതിയെങ്ങനെയായിരുന്നു?"

"നല്ല മിണ്ടുംചൊല്ലുമുള്ള കൊച്ചായിരുന്നു. എപ്പം കണ്ടാലും, എവിടെവച്ചു കണ്ടാലും ചിരിക്കും. എന്തേലുമൊക്കെ പറയുകേം ചെയ്യും. പക്ഷേ, അയാൾക്കത് ഇഷ്ടപ്പെടുന്നില്ലെന്നു തോന്നീട്ടുണ്ട്. അയൽവാസിയാണേലും വയസ്സനാണേലും ആണുങ്ങളെയാർക്കും വിശ്വാസമില്ലല്ലോ." അങ്ങനെ പറഞ്ഞ് സുകുമാരേട്ടൻ ചിരിച്ചു.

ജീനാ മരിക്കുന്നതിന്റെ തലേദിവസം ഒരു താടിവച്ച ചെറുപ്പക്കാരൻ ആ വീട്ടിൽ വന്നെന്നു കേട്ടു. ആളെ അടുത്തു കണ്ടോ?"

"അടുത്തുകണ്ടു. അവനിവിടെ വന്ന് എന്നോടാ റോണീടെ വീടു ചോദിച്ചത്."

"ആള് കാഴ്ചയ്ക്കെങ്ങനെയുണ്ട്?"

"വലിയ തണ്ടും തടീമൊന്നുമില്ല. മുഖത്ത് എന്തോ ഒരു വശ്യതയുണ്ട്. ആണുങ്ങൾക്കുപോലും ഒരിഷ്ടം തോന്നുന്ന മുഖമാ. നല്ല ശബ്ദവും."

"പോയതു ശ്രദ്ധിച്ചോ?"

"ശ്രദ്ധിച്ചു."

"ഒത്തിരിനേരം കഴിഞ്ഞാണോ പോയത്?"

"അല്ല. കൂടിയാൽ അരമണിക്കൂറ്. അത്രയേ, അവനവിടെ നിന്നുള്ളൂ."

"അയാളുടെ കൈയിലെന്തെങ്കിലുമുണ്ടായിരുന്നോ?"

"ഉണ്ടായിരുന്നു. ഫോട്ടോപോലെയെന്തോ പൊതിഞ്ഞു കൈയിലുണ്ടായിരുന്നു."

"ഇത്രയുമൊക്കെയേ എനിക്കറിയാനുള്ളൂ. ഒരു കാര്യം കൂടി. ഇപ്പഴാ ഓർത്തത്. ജീനാ മരിച്ചതിന്റെ തലേദിവസം അവരുടെ വീട്ടീന്ന് എന്തെങ്കിലും ഒച്ചയോ ബഹളമോ, കരച്ചിലോ കേട്ടോ?"

"കേട്ടതായിട്ടോർക്കുന്നില്ല. ഞാൻ മിക്കവാറും ടീവീലെ സിനിമ കാണും. ചെവിക്കല്പം ബുദ്ധിമുട്ടുള്ളതുകൊണ്ട് ഒച്ച കൂട്ടി വയ്ക്കും."

"സുകുമാരേട്ടനിവിടെ ഭക്ഷണമൊക്കെ തന്നെയുണ്ടാക്കി കഴിക്കുമല്ലേ?"

"ഉണ്ടാക്കാനൊക്കെ എനിക്കറിയാം. ഇരിക്കാമെങ്കിൽ ചായയിട്ടു തരാം."

"വേണ്ട സുകുമാരേട്ടാ, പോണം തെരക്കുണ്ട്."

എച്ച്.സി. രാജീവൻ എഴുന്നേറ്റു.

(തുടരും)



# ദൈവത്തിനുപോലും രക്ഷയില്ലാത്ത കൊള്ളക്കാരുടെ നാട്

നേർമൊഴി

ഫാ. മാത്യു ചന്ദ്രൻകുന്നേൽ

ശബരിമലയിലെ സ്വർണ്ണക്കൊള്ള സർക്കാരിന്റെ ഉറക്കം കെടുത്തിയിരിക്കുകയാണ്. ത്രിതല പഞ്ചായത്തുതിരഞ്ഞെടുപ്പും തുടർന്ന് നിയമസഭാതിരഞ്ഞെടുപ്പും നടക്കാനിരിക്കെ ശബരിമലയിലുണ്ടായ സ്വർണ്ണമോഷണം സർക്കാരിനെ വെട്ടിലാക്കിയിരിക്കുന്നു. ആഗോള അയ്യപ്പസംഗമം നടത്തി മുഖം മിനുക്കിയിരുന്ന അവസരത്തിലാണ് കവർച്ചക്കഥ കാട്ടുതീപോലെ പരന്നത്. ദേവസ്വം ബോർഡ് ഭാരവാഹികളും ഉദ്യോഗസ്ഥരും പ്രതികളായതോടെ സർക്കാർ പ്രതിരോധത്തിലായിരിക്കുന്നു. അയ്യപ്പസംഗമത്തിന്റെ കാന്തി കുറയ്ക്കാൻ എതിരാളികൾ കെട്ടിച്ചമച്ചതാണ് സ്വർണ്ണപ്പാളിവിവാദമെന്ന പാർട്ടിയുടെ പതിവുവിശദീകരണം വിശ്വസിക്കാൻ പാർട്ടിക്കാർപോലും മടിക്കുന്നു. കാരണം, ശബരിമലപോലെ ജനകോടികൾ പവിത്രമായി കരുതുന്ന ഒരു സങ്കേതത്തിൽ ആസൂത്രിതമായ കൊള്ള നടന്നിരിക്കുന്നു. അതിനെ വെറുമൊരു മോഷണമായി മാത്രം കരുതാനാവില്ല. അതു വിശ്വാസവഞ്ചനയും മതനിന്ദയുമായിരുന്നു. വിശ്വാസികൾ അർപ്പിച്ച സ്വർണമാണ് കൊള്ളയടിക്കപ്പെട്ടത്.

ഭക്തർ സമർപ്പിക്കുന്ന കാഴ്ച വിധവയുടെ കൊച്ചുകാശുപോലെ വിലപ്പെട്ടതാണ്. സമർപ്പണം ദൈവത്തിനാണെങ്കിലും അതിന്റെ പ്രയോജനം മനുഷ്യർക്കത്രേ. വിശ്വാസപ്രബോധനത്തിനും അതിന്റെ പരിശീലനത്തിനും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും മറ്റു വികസനപ്രവർത്തനങ്ങൾക്കുമായിട്ടാണ് ഭക്തർ കാണിക്ക സമർപ്പിക്കുന്നതും സംഭാവനകൾ നൽകുന്നതും. അതു കൊള്ളയടിക്കുന്നത് ഹീനമായ പ്രവൃത്തിയാണ്. സ്വർണ്ണപ്പാളി മോഷണത്തിനു കൂട്ടുനിന്നതും ഒത്താശ ചെയ്തതും ആ നിധിക്കു കാവൽനിന്ന ദേവസ്വം ബോർഡും ഉദ്യോഗസ്ഥരുമാണ്. അതുകൊണ്ടാണ് അവരും പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടത്. 2019 ലെ ദേവസ്വം ബോർഡ് എട്ടാം പ്രതിയാണ്.

ശ്രീകോവിൽ വാതിലിന്റെ കട്ടിളയുടെ സ്വർണ്ണം കവർന്ന കേസിലാണ് 2019 ലെ ബോർഡിന്റെ പ്രസിഡന്റ് എ. പത്മകുമാർ, കെ.പി. ശങ്കരദാസ്, എൻ വിജയകുമാർ എന്നിവരെ ക്രൈംബ്രാഞ്ച് പ്രതിചേർത്തത്. ഇവർ സർക്കാരിന്റെ നോമിനികളായിരുന്നു. ദ്വാരപാലകശില്പപാളികളിലെ സ്വർണ്ണക്കവർച്ച, കട്ടിളയിലെ സ്വർണ്ണക്കവർച്ച എന്നിവ രണ്ട് എഫ്ഐആർ രജിസ്റ്റർ ചെയ്താണ് അന്വേഷണം. ദ്വാരപാലകശില്പസ്വർണ്ണപ്പാളി ക്കേസിൽ പത്തു പ്രതികളും കട്ടിളക്കേസിൽ എട്ടു പ്രതികളുമുണ്ട്. കവർച്ച, വ്യാജരേഖ ചമയ്ക്കൽ, വിശ്വാസവഞ്ചന, ഗൂഢാലോചന എന്നീ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.

ദ്വാരപാലകരുടെ സ്വർണ്ണപ്പാളിയിലെ നിറം മാറിയുണ്ടായ കേടുപാടുകൾ പരിഹരിക്കണം എന്ന തന്ത്രിയുടെ കത്തിലെ പരാമർശത്തിന്റെ മറപിടിച്ചാണ് പോറ്റിക്കു കൈമാറിയത് ബോർഡ് അംഗങ്ങളുടെ അറിവോടെയാണെന്ന കണ്ടെത്തലാണ് ഉദ്യോഗസ്ഥരും ദേവസ്വം ബോർഡും പ്രതികളാകാൻ കാരണം. ഇ.ഡിയുടെ അന്വേഷണംകൂടി പൂർത്തിയാകുമ്പോൾ സ്വർണക്കവർച്ചയുടെയും മറ്റു സാമ്പത്തിക



സ്വർണ്ണപ്പാളികൾ പൂശി മോടിപിടിപ്പിക്കുന്നതിന് ചെന്നൈയിൽ കൊണ്ടുപോകാൻ അഴിച്ചുമാറ്റിയത്. അതു സംബന്ധിച്ചുള്ള രേഖ തയ്യാറാക്കിയപ്പോൾ സ്വർണ്ണപ്പാളികൾ ചെമ്പുപാളികൾ എന്നാക്കി മാറ്റി. ഇങ്ങനെ മാറ്റിയെഴുതിയത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ്. കട്ടിളപ്പടിയിലെ സ്വർണ്ണപ്പാളികൾ ചെമ്പുപാളികൾ എന്നു തിരുത്തിയെഴുതി കേസിലെ ഒന്നാംപ്രതി ഉണ്ണിക്കൃഷ്ണൻ

തിരിമറികളുടെയും യഥാർഥ രൂപം വെളിച്ചത്തുവരും. കണ്ടത് മഞ്ഞുമലയുടെ ചെറിയ ഭാഗം മാത്രമാണെന്നു വിശ്വസിക്കുന്നവരുണ്ട്.

വിശുദ്ധ ഇടങ്ങളിലെ കവർച്ചകളും തുടർച്ചകളും ഭക്തജനങ്ങൾക്കു താങ്ങാനാവുകയില്ല. ഓരോ വർഷവും ശബരിമല സന്ദർശകരായ ഭക്തരുടെ എണ്ണം പെരുകുകയാണ്. വളരെയേറെ ത്യാഗങ്ങൾ സഹിച്ചാണ് അവർ അയ്യപ്പസന്നിധിയിലെത്തുന്നത്. ശാരീരികമാനസികശുദ്ധിക്കുവേണ്ടി നോമ്പെടുത്ത് മണിക്കൂറുകളോളം ക്യൂവിൽനിന്ന് അയ്യപ്പദർശനത്തിനെത്തുന്ന ഭക്തന്മാർ എല്ലാവരും നിർമലമനസ്സുള്ളവരായിരിക്കണമെന്നാഗ്രഹിക്കുന്നു. കേരളത്തിന്റെ മൊത്തം ജനസംഖ്യയെക്കാൾ അധികം ഭക്തരാണ് ആണ്ടുതോറും ശബരിമലയിലെത്തുന്നത് എന്നാണ് കണക്ക്. എത്തുന്ന ഭക്തർക്ക് ആവുന്നത്ര സൗകര്യങ്ങൾ ഒരുക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്ന സർക്കാർ അവിടെ അരങ്ങേറിയ വൻകൊള്ളകൾ നിയന്ത്രിക്കാൻ പരാജയപ്പെട്ടത് ശ്രദ്ധക്കുറവുകൊണ്ടോ അനാസ്ഥകൊണ്ടോ അതോ വേണ്ടപ്പെട്ടവർക്ക് അതിൽ ഓഹരി കിട്ടുമെന്നതുകൊണ്ടോ? ഭക്തകേന്ദ്രങ്ങളിലെ ഇത്തരം അഴിമതികൾ കർശനമായി അമർച്ച ചെയ്യണം. മതവും ജാതിയും സമുദായവും രാഷ്ട്രീയചായ്‌വുകളുമൊന്നും പരിഗണനാവിഷയമാകരുത്. ദൈവം ദൈവത്തിന്റെ മുതൽ സംരക്ഷിച്ചുകൊള്ളുമെന്നു സർക്കാർ ചിന്തിക്കാൻ പാടുള്ളതല്ല. ഇതുപോലെ ഗുരുതരമായ ഒരു വീഴ്ചയെക്കുറിച്ചുള്ള അന്വേഷണം കടലാസിൽ ഒതുങ്ങിയാൽ പോരാ. കുറ്റവാളികളെ അഴിക്കുള്ളിലാക്കി ഭക്തർക്കു പ്രതീക്ഷ നൽകണം.

■

കവിത

ബേബി മാത്യു അടിമാലി

## പിന്നിട്ട വഴികൾ



കാലവും ലോകവും പിന്നിട്ടവഴികളും
ഓർമ്മയിൽ പൂക്കുന്ന മധുനൊമ്പരങ്ങളും
ജനനവും മരണവും പ്രണയവും വിരഹവും
സുഖദുഃഖ സമ്മിശ്ര ജീവതാളങ്ങളും.

മാനവർ ഭൂമിയിൽ നെയ്തുകൂട്ടുന്നൊരാ
അഴകാർന്ന കാമനയ്ക്കെണ്ണമുണ്ടോ
നാം കണ്ട സ്വപ്നങ്ങൾ മോഹക്കതിരുകൾ
സഫലമാകാത്ത കിനാക്കളെത്രേ.

എല്ലാം മരീചികമാത്രമല്ലേ
പൂർണ്ണതയെന്നത് മിഥ്യയല്ലേ
വിശ്വപ്രസിദ്ധകഥകളിൽ കവിതയിൽ
എഴുതിയവരികളും ഇവയല്ലയോ.

വിരിയുന്ന പൂവുകൾ കൊഴിയുന്ന ഇതളുകൾ
ഉയിർകൊണ്ട പ്രാണന്റെ ആത്മഹർഷങ്ങളും
മണ്ണിലും മനസ്സിലും ഇനിയും പിറക്കട്ടെ
മാനവഹൃത്തിന്റെ നൊമ്പരച്ചിന്തുകൾ.

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

## വിതണ്ഡാവാദം

വാദത്തിനുവേണ്ടി മാത്രം വാദിക്കുന്ന ചിലരെ നിങ്ങൾ കണ്ടിട്ടുണ്ടാവും. ആധാരമോ യുക്തിയോ ഇല്ലാതെ അവർ വാദിച്ചുകൊണ്ടിരിക്കും. ഇത്തരത്തിൽ വ്യർഥമായ വാഗ്വാദം നടത്തുന്നവരാണ് വിതണ്ഡാവാദികൾ. സ്വപക്ഷം സ്ഥാപിക്കാതെതന്നെ പരപക്ഷം ഖണ്ഡിക്കുന്ന നിരർഥകഭാഷണമാണ് യഥാർഥത്തിൽ വിതണ്ഡാവാദം. 'വി-തഡി ആഘാതേ.'* ഇത് സ്വപക്ഷത്തെ സ്ഥാപിക്കാതെ പരപക്ഷത്തെ ഖണ്ഡിക്കുന്നതിന്റെ പേർ എന്ന് അമരകോശം രേഖപ്പെടുത്തുന്നു.

അടിസ്ഥാനമോ യുക്തിയോ ഇല്ലാത്ത വാദമാണ് വിതണ്ഡാവാദം എന്നു സൂചിപ്പിച്ചല്ലോ. ഉച്ചാരണത്തിലെ ശൈഥില്യംമൂലം പല തരത്തിൽ എഴുതിക്കാണുന്നു. 'വിതണ്ടാവാദം', 'വിതണ്ടവാദം', 'വിദണ്ഡവാതം', 'വിതണ്ഡാവാതം', 'വിതണ്ഡതാവാദം' എന്നിങ്ങനെ. ഇവയെല്ലാം തെറ്റായ പദപ്രയോഗങ്ങളാണ്. സംസ്കൃതത്തിലെ ദീർഘാന്തപദങ്ങളുടെ പിന്നിൽ മറ്റൊരു സംസ്കൃതപദം ചേരുമ്പോൾ ദീർഘം അതേപടി നിലനില്ക്കും. വിതണ്ഡാ എന്നാണ് ഇവിടെ മൂലപദം. അതിനോട് വാദം എന്ന സംസ്കൃതപദംതന്നെ ചേരുന്നതിനാൽ ദീർഘത്തിന് മാറ്റമില്ല. അപ്പോൾ വിതണ്ഡാവാദം എന്നുതന്നെ എഴുതണം. വിതണ്ഡാവാദിയെ വൈതണ്ഡികൻ എന്നും പറയാം. കുതർക്കക്കാരനാണവൻ. ഉച്ചാരണത്തിലെ മാറ്റം എഴുത്തിലേക്കു കൊണ്ടുവരരുത്. വിതണ്ഡാ എന്ന പൂർവപദത്തെ താ ചേർത്ത് വിതണ്ഡതാ എന്നു നീട്ടേണ്ടതുമില്ല.

ശൈലി എന്ന നിലയിലും വിതണ്ഡാവാദത്തിനു പ്രസക്തിയുണ്ട്. ദുസ്തർക്കമാണ് അവിടെ വിവക്ഷിതം. മർക്കടമുഷ്ടിക്കു സമാനമാണത്. മർക്കടം സർപ്പത്തെ പിടിച്ചാൽ (തലയിലാണ് പിടിക്കുന്നത്.) ആ പിടി വിടണമെങ്കിൽ സർപ്പം ചത്തുചീഞ്ഞ് തനിയെ ഊരിപ്പോകണമെന്നത്രേ വിശ്വാസം. മർക്കടമുഷ്ടി, ശാഠ്യം, വിതണ്ഡാവാദം എന്നീ അർഥങ്ങൾ ലഭിക്കുന്ന മറ്റൊരു പദമാണ് ഒട്ടാരം. തമിഴിൽനിന്നു മലയാളം കൈക്കൊണ്ട വാക്കാണത്. പ്രയോഗിച്ചുപരിചയിച്ചാൽ ഒട്ടാരം വിതണ്ഡാവാദം എന്ന സമസ്തപദത്തിനു പകരം നിൽക്കും.

* പരമേശ്വരൻ മൂസ്സത്, ടി.സി., അമരകോശം (പാരമേശ്വരി) എൻബിഎസ്, കോട്ടയം, 2013, പുറം – 848

# ഓർമ്മകളുടെ സുഗന്ധം പേറി ഒരു കലാലയം

## രാഷ്ട്രപതി ദ്രൗപദി മുർമു ഒക്ടോബർ 23 ന് പാലാ സെന്റ് തോമസ് കോളജിൽ



**സിജു ജോസഫ്**

1950 ഓഗസ്റ്റ് 8 ന് ദിനപത്രങ്ങളിൽ വന്ന വാർത്തയിലെ പ്രസക്തമായ ഒരു വാചകം ഇപ്രകാരമായിരുന്നു: *"മീനച്ചിൽ താലൂക്കിന്റെ കേന്ദ്രമായ പാലായിൽ അരുണാപുരംകുന്നിൽ മീനച്ചിൽനിവാസികളുടെ ധർമ്മധീരതയ്ക്കും കർമ്മശൂരതയ്ക്കും സർവോപരി രാജ്യശ്രേയസ്സിലുള്ള ഔത്സുക്യത്തിനും മകുടോദാഹരണമായി വിരാജിക്കുന്ന ഈ കോളജുമന്ദിരത്തിന്റെ വെഞ്ചരിപ്പ് ഇന്നു രാവിലെ ചങ്ങനാശ്ശേരി രൂപതയുടെ വികാർ കാപ്പിറ്റുലർ മോൺ ജേക്കബ്ബ് കല്ലറയ്ക്കൽ അവർകൾ യഥാവിധി നിർവഹിക്കുന്നതാണ്."*

ആ പുണ്യദിനത്തിൽനിന്ന് എഴുപത്തിയഞ്ചു




**പാലായിൽ മുഴങ്ങിയ രാഷ്ട്രശബ്ദം**
*മുൻപ്രധാനമന്ത്രി ജവഹർലാൽ നെഹ്റു സെന്റ് തോമസ് കോളജിൽ നിറഞ്ഞ സദസ്സിനെ അഭിസംബോധന ചെയ്യുന്നു. (ഫയൽചിത്രം)*

സംവത്സരം പിന്നിട്ട് അവിസ്മരണീയമായ മറ്റൊരു ദിനത്തെ വരവേല്ക്കാൻ ഒരുങ്ങുകയാണ് പാലാ സെന്റ് തോമസ് ഓട്ടോണമസ് കോളജ്. പ്ലാറ്റിനം ജൂബിലിയുടെ സമാപനസമ്മേളനത്തിൽ പങ്കെടുക്കാൻ ഒക്ടോബർ 23 നാണ് രാഷ്ട്രപതി ദ്രൗപദി മുർമു കോളജിലെത്തുന്നത്. നാടും കലാലയവും ജില്ലാഭരണകൂടവും മേലധികാരികളും ദ്രുതഗതിയിലുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതു കാണുമ്പോൾ പഴയ തലമുറയുടെ മനസ്സിൽ സമാനമായ ദിവസങ്ങളുടെ ഒളിമങ്ങാത്ത ഓർമ്മകളോടിയെത്തുന്നു.

പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു, കേന്ദ്ര ആഭ്യന്തരമന്ത്രി കെ.എൻ. കട്ജു, എസ്.കെ. പാട്ടീൽ എംപി, സംസ്ഥാനമുഖ്യമന്ത്രി എ.ജെ. ജോൺ, തിരു-കൊച്ചി രാജപ്രമുഖൻ ശ്രീചിത്തിര തിരുനാൾ, ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി റവ. മാർട്ടിൻ ലൂക്കാസ്, പൗരസ്ത്യ തിരുസംഘം സെക്രട്ടറി കർദിനാൾ ടിസറന്റ് തുടങ്ങിയ പ്രശസ്ത വ്യക്തികളാണ് 1953-1954 അധ്യയനവർഷത്തിൽ വിശിഷ്ടാതിഥികളായി കോളജിലെത്തിയത്. പ്രൗഢഗംഭീരമായ എ ബ്ലോക്കിന്റെ മുകൾനിലയിൽ നിന്നുകൊണ്ടായിരുന്നു പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അന്ന് സദസ്സിനെ അഭിസംബോധന ചെയ്തത്. 1976 ൽ കോളജിന്റെ സിൽവർ ജൂബിലി ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ സന്ദർശനവേളയിലാണ് എ ബ്ലോക്കിനു മുൻവശമുള്ള സ്ഥലം ടാർ ചെയ്തതും ഹെലിപാഡായി ഉപയോഗിച്ചതും. കോളജിന്റെ വലിയ മൈതാനമായിരുന്നു അന്നത്തെ സമ്മേളനവേദി. 1961-62 അധ്യയനവർഷത്തിൽ കോളജ് ഡേ ഉദ്ഘാടനം ചെയ്യാനെത്തിയത് അന്നത്തെ ഗവർണറും പിന്നീട് രാഷ്ട്രപതിയുമായ വി.വി. ഗിരി ആയിരുന്നു.

മധ്യതിരുവിതാംകൂറിലെ, പ്രത്യേകിച്ച് പാലായിലെ കലാസ്നേഹികൾക്ക് ഒരിക്കലും മറക്കാനാവാത്ത സുന്ദരദിനങ്ങളായിരുന്നു 1967 ൽ സെന്റ് തോമസ് കോളജ് സമ്മാനിച്ചത്. അൽഫോൻസാ കോളജുമായി സഹകരിച്ച് കോളജ് അങ്കണത്തിൽ പല ദിവസങ്ങളിലായി സംഘടിപ്പിച്ച കലാവിരുന്നിൽ ഹിന്ദി ചലച്ചിത്രഗാനരംഗത്തെ വിസ്മയമായിരുന്ന മുഹമ്മദ് റാഫി, ഗാനഗന്ധർവൻ



**പ്രധാനമന്ത്രിയും പ്രഥമാധ്യക്ഷനും**
*മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പാലാ രൂപതയുടെ പ്രഥമാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയോടൊപ്പം (ഫയൽചിത്രം)*

കെ.ജെ. യേശുദാസ്, എസ്. ജാനകി, ഹേമലത, പി.ബി. ശ്രീനിവാസൻ തുടങ്ങിയവരാണ് പാടാനെത്തിയത്. സത്യനും പ്രേംനസീറും ഉൾപ്പെടെയുള്ള വൻതാരനിരയാണ് ഓരോ ദിവസവും ഉദ്ഘാടകരായി എത്തിയത്.

കോളജിലെ പൂർവവിദ്യാർഥിയും സുപ്രീം കോടതി ചീഫ് ജസ്റ്റീസുമായ കെ.ജി. ബാലകൃഷ്ണൻ 2010 ൽ കോളജിന്റെ ഡയമണ്ട് ജൂബിലി ഉദ്ഘാടകനായിരുന്നു. കോളജിന്റെ 62-ാമത് സ്ഥാപനദിനാഘോഷത്തിന്റെ ഭാഗമായി 2012 ൽ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം വിശിഷ്ടാതിഥിയായി കോളജിലെത്തി. എ ബ്ലോക്കിന്റെ പിന്നിലായി ഒരു ഇലഞ്ഞിത്തൈ നട്ടതിനുശേഷമാണ് അദ്ദേഹം മടങ്ങിയത്.

2016 ൽ നൊബേൽ സമ്മാനജേതാക്കളായ പ്രൊഫ. അദാ ഇ.യോനാഥ്, പ്രൊഫ. ക്ലോസ് വോൺ ക്ലിറ്റ്സിങ്, 2018 ൽ ആസാം സമരനായികയായിരുന്ന ഇറോം ശർമ്മിള, 2025 ൽ ലോകപ്രശസ്ത സ്കോട്ടിഷ് ചരിത്രകാരനായ വില്യം ഡാൽറിംപിൾ തുടങ്ങിയ പ്രശസ്ത വ്യക്തികളും കോളജിൽ വിശിഷ്ടാതിഥികളായി എത്തി.

2022 മുതൽ കാമ്പസിൽ പ്രവർത്തിക്കുന്ന ഷട്ടിൽ ബാഡ്മിന്റൺ അക്കാദമിയിലൂടെ ലോകനിലവാരത്തിലുള്ള പരിശീലനമാണ് കായികപ്രതിഭകൾക്കു നല്കപ്പെടുന്നത്. ഇംഗ്ലണ്ട്, ഓസ്ട്രേലിയ, ന്യൂസിലന്റ്, യു എ.ഇ തുടങ്ങിയ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുമുള്ള താരങ്ങൾ ഇവിടെ പരിശീലനത്തിനായി എത്തുന്നു. സംസ്ഥാനതലമത്സരങ്ങളിൽ 15 സ്വർണ്ണമെഡലും 13 വെള്ളിയും19 വെങ്കലവും ദേശീയതലത്തിൽ ഒരു വെങ്കലവും നേടാൻ സാധിച്ചു. ജൂണിയർ ഇന്ത്യൻ ടീം എക്സ്പാനൽഡ് കോച്ചായ ഷിബു ഗോപിദാസാണ് മുഖ്യപരിശീലകൻ.

2023 ൽ ആരംഭിച്ച സ്വിമ്മിങ്ങ് അക്കാദമിയിലൂടെ സ്കൂൾ വിദ്യാർഥികളും പൊതുജനങ്ങളും ഉൾപ്പെടെയുള്ള ആയിരക്കണക്കിനാളുകളാണ് നീന്തൽപരിശീലനം നേടിയത്. സംസ്ഥാനതലത്തിലും ദേശീയതലത്തിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ പര്യാപ്തമായ പരിശീലനം ഇവിടെ നല്കുന്നു. ഛത്തീസ്ഗഡിൽ നിന്നുള്ള രണ്ടു നീന്തൽതാരങ്ങൾ ഇവിടെയെത്തി പരിശീലനം നേടുകയും വേൾഡ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും ചെയ്തു. മികച്ച കായികതാരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ക്രിക്കറ്റ് അക്കാദമിയും കാമ്പസിന്റെ ഭാഗമാണ്. ഒരു ലക്ഷത്തോളം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറിയാണ് സെന്റ് തോമസ് കോളജിന്റെ മുഖ്യമായ ആകർഷണങ്ങളിലൊന്ന്.

അഭിവന്ദ്യരായ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെയും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെയും കരുതലിലും പ്രോത്സാഹനത്തിലും വളർന്ന് അനേകം തലമുറകൾക്കു ജ്ഞാനവിജ്ഞാനങ്ങൾ പകർന്ന ഈ കലാലയം 16 യു.ജി. പ്രോഗ്രാമുകളും 16 പി ജി പ്രോഗ്രാമുകളും 11 ഗവേഷണവകുപ്പുകളുമായി അക്കാദമിക് രംഗത്ത് ഇന്ന് മുൻപന്തിയിൽ നില്ക്കുന്നു. പാലാ രൂപതാധ്യക്ഷനും കോളജിന്റെ രക്ഷാധികാരിയുമായ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, മുഖ്യവികാരി ജനറാളും കോളജ് മാനേജരുമായ മോൺ. റവ. ഡോ. ജോസഫ് തടത്തിൽ എന്നിവരുൾപ്പെടെയുള്ള മാനേജ്മെന്റിന്റെ പിന്തുണയും മാതാപിതാക്കൾ അദ്ധ്യാപകർ, അനധ്യാപകർ, വിദ്യാർഥികൾ, പൂർവവിദ്യാർഥികൾ, പൂർവാധ്യപകർ എന്നിവരുടെ സഹകരണവും കോളജിന്റെ വളർച്ചയിൽ ഏറെ വിലപ്പെട്ടതാണെന്ന് പ്രിൻസിപ്പൽ ഡോ. സിബി ജയിംസ്, വൈസ് പ്രിൻസിപ്പൽ റവ. ഡോ. സാൽവിൻ തോമസ് കാപ്പിലിപ്പറമ്പിൽ, ബർസാർ റവ. ഫാ. മാത്യു ആലപ്പാട്ടുമേടയിൽ എന്നിവർ പറഞ്ഞു.

65 ഏക്കറോളമുള്ള ഹരിതാഭമായ കാമ്പസ് അതിന്റെ ജൈവവൈവിധ്യസമൃദ്ധികൊണ്ടുകൂടിയാണ് കേരളത്തിലെ മറ്റു കോളജ് ക്യാമ്പസുകളിൽനിന്നു വ്യത്യസ്തമാകുന്നത്. കോളജ് ആരംഭിക്കുന്നതിനുമുമ്പുള്ള കാലത്തെ വൻമരങ്ങൾപോലും ഇപ്പോഴും ഇവിടെ സംരക്ഷിക്കപ്പെടുന്നു. ഞാവൽവർഗത്തിൽ പെട്ട അഞ്ചു വൃക്ഷങ്ങളും കുടംപുളി കുടുംബത്തിലുള്ള ആറുതരം വൃക്ഷ



**ഓർമകളുടെ സുഗന്ധം**
*മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം സെന്റ് തോമസ് കോളജ് അങ്കണത്തിൽ ഇലഞ്ഞിത്തൈ നടുന്നു. (ഫയൽചിത്രം)*

ങ്ങളും അശോകമരത്തിന്റെ നാല് ഇനങ്ങളും നീലക്കൊടുവേലി, ചുവന്ന കൊടുവേലി, വെള്ളക്കൊടുവേലി, രുദ്രാക്ഷം, നാഗലിംഗമരം, രക്തചന്ദനം എന്നിവ ഉൾപ്പെടെയുള്ള അനേകം വൃക്ഷങ്ങളും ഇവിടെ കാണാം. ലിവിങ് ഫോസിൽ എന്നു വിശേഷിപ്പിക്കപ്പെടുന്നതും 270 ദശലക്ഷം വർഷം പഴക്കമുണ്ടെന്നു കണക്കാക്കപ്പെടുന്നതുമായ 'ജിങ്കോ ബൈലോബോ' ഇനത്തിൽപെട്ട സസ്യത്തെ ബോട്ടണിവിഭാഗത്തിൽ സൂക്ഷിച്ചിരിക്കുന്നു. പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് 75 ചന്ദനത്തൈകളും കാമ്പസിൽ നട്ടുപിടിപ്പിച്ചിരുന്നു.

ഇത്തരത്തിൽ പ്രത്യക്ഷതലത്തിലും പരോക്ഷതലത്തിലുമുള്ള ഒട്ടേറെ വൈവിധ്യങ്ങളുടെ സമൃദ്ധിയും സൗന്ദര്യവും നിറഞ്ഞ കാമ്പസ്കാഴ്ചകളിലേക്കു കൂടിയാണ് രാഷ്ട്രപതി ദ്രൗപദി മുർമു ഒക്ടോബർ 23 ന് എത്തുന്നത്.

*(ലേഖകൻ പാലാ സെന്റ് തോമസ് ഓട്ടോണമസ് കോളജ് മലയാളവിഭാഗം അസി.പ്രൊഫസറാണ്.)*



ഇസ്രയേൽ ഒരു ചരിത്രവിസ്മയം

13

ഡോ. കുര്യാസ് കുമ്പളക്കുഴി

# സമാധാനം ഇനിയും അകലെയോ?

**വീ**ണ്ടും ഒരു വെടിനിർത്തൽകൂടി ഉണ്ടായിരിക്കുന്നു. മധ്യപൂർവദേശത്തു യുദ്ധവും യുദ്ധവിരാമവും തുടർക്കഥയാണ്. സമാധാനം മാത്രം ഒരിക്കലും ഉണ്ടാകുന്നില്ല. 2023 ഒക്ടോബർ ഏഴിനു യുദ്ധം ആരംഭിച്ചതിൽ പിന്നെ മാത്രം ഇതു മൂന്നാമത്തെ വെടിനിർത്തലാണ്. 2023 നവംബറിൽത്തന്നെ ഒരു താത്കാലിക വെടിനിർത്തൽ ഉണ്ടായിരുന്നു. ഈ വർഷം ജനുവരി 15 നും ഉണ്ടായി മറ്റൊരു വെടിനിർത്തൽ. പക്ഷേ, അതിനൊക്കെ ഏതാനും ദിവസങ്ങളുടെ ആയുസ്സേ ഉണ്ടായിരുന്നുള്ളൂ.

ഇസ്രയേൽ-അറബ് യുദ്ധങ്ങളുടെ പരമ്പരകളിലെല്ലാം വെടിനിർത്തലുകളും ഉണ്ടായിട്ടുണ്ട്. 1948 മേയ് 15 ന് ആരംഭിച്ച ആദ്യ യുദ്ധത്തിന് ആ മാസാവസാനം തന്നെ വെടിനിർത്തിൽ നിലവിൽ വന്നു. 1956 ഒക്ടോബർ 29 ന് ആരംഭിച്ച രണ്ടാം ഇസ്രയേൽ-അറബ് യുദ്ധത്തിന്റെ വെടിനിറുത്തൽ ആ വർഷം നവംബർ ഏഴിനായിരുന്നു. ആറുദിനയുദ്ധമെന്നറിയപ്പെടുന്ന മൂന്നാംയുദ്ധം 1967 ജൂൺ അഞ്ചിന് ആരംഭിച്ചു. ജൂൺ പത്തിനു വെടിനിർത്തി. നാലാം അറബ് - ഇസ്രയേൽ യുദ്ധം 1973 ഒക്ടോബർ ആറിനു തുടങ്ങി. 25 നു വെടിനിർത്തലുണ്ടായി.

ഈ യുദ്ധപരമ്പരയിൽ അഞ്ചാമത്തേതെന്നു പറയാവുന്ന ഇസ്രയേൽ - ഹമാസ് യുദ്ധത്തിനാണിപ്പോൾ വിരാമമുണ്ടായിരിക്കുന്നത്. ഏറ്റവുമധികം കാലം നീണ്ടുനിന്ന യുദ്ധവും ഇതുതന്നെ. 2023 ഒക്ടോബർ ഏഴുമുതൽ 2025 ഒക്ടോബർ 10 വരെ, രണ്ടു വർഷവും നാലു ദിവസവും നീണ്ടുനിന്ന ഈ യുദ്ധം മറ്റുള്ളവയിൽനിന്നു വ്യത്യസ്തമായി രണ്ടു രാഷ്ട്രങ്ങൾ തമ്മിലായിരുന്നില്ല. ഇസ്രയേൽ യുദ്ധം ചെയ്തത് ഹമാസ് എന്ന ഭീകരപ്രസ്ഥാനത്തോടാണ്. 565 ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഗാസ യുദ്ധഭൂമിയായെന്നേയുള്ളൂ.

പക്ഷേ, യുദ്ധം മൂലമുണ്ടായ നാശനഷ്ടങ്ങൾ മുൻയുദ്ധങ്ങളെക്കാളൊക്കെ ഭയങ്കരമായിരുന്നു. ഒക്ടോബർ 10ന് ഈജിപ്തിലെ റിസോർട്ടുനഗരമായ ഷാം എൽ ഷെയ്കിൽ ഇസ്രയേൽ-ഹമാസ് പ്രതിനിധികൾ ഒത്തുതീർപ്പിലെത്തുമ്പോൾ ഗാസയിൽ മരണമടഞ്ഞവരുടെ എണ്ണം 67160 ആയി ഉയർന്നിരുന്നു. ഇവരിൽ 80% പേരും സാധാരണജനങ്ങളായിരുന്നു. കൊല്ലപ്പെട്ടവരിൽ കുട്ടികൾ തന്നെ 20000 കവിയുമത്രേ. പരുക്കേറ്റവർ 169679 പേർ എന്നാണു കണക്ക്. ഏഴുലക്ഷത്തിലധികം ജനങ്ങൾ ഗാസയിൽനിന്നു പലായനം ചെയ്തതായി കണക്കാക്കപ്പെടുന്നു. 1.95 ലക്ഷം കെട്ടിടങ്ങൾ തകർന്നു. ആകെയുണ്ടായിരുന്ന 36 ആശുപത്രികളിൽ 22 എണ്ണവും ഇല്ലാതായി. 179 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഇനി ബാക്കിയുള്ളത് 62 മാത്രം. 92 ശതമാനം സ്കൂൾ കെട്ടിടങ്ങളും 63 സർവകലാശാലകളും മണ്ണടിഞ്ഞു. 6.58 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്കും 87000 കോളജ് വിദ്യാർത്ഥികൾക്കും പഠനസൗകര്യം ഇല്ലാതായി. 89 ശതമാനം ജലവിതരണസൗകര്യങ്ങളും തകർന്നു.

565 ചതുരശ്രകിലോമീറ്ററിൽ വീണ സ്ഫോടകവസ്തുക്കൾ ഒന്നരലക്ഷം ടൺ വരും. ഒരാളുടെമേൽ ശരാശരി 70 കിലോ സ്ഫോടകവസ്തുക്കൾ! ചുരുക്കിപ്പറഞ്ഞാൽ, ഗാസ ഒരു മരുഭൂമിയായി മാറിക്കഴിഞ്ഞു. എന്നിട്ടും, യുദ്ധവിരാമത്തോടെ അവിടേക്കു തദ്ദേശവാസികൾ മടങ്ങിവന്നു തുടങ്ങിയിരിക്കുന്നു. അവർക്കതേ വഴിയുള്ളൂ.

ഇത്ര ഭയങ്കരമായി ശിക്ഷിക്കപ്പെടാൻമാത്രം എന്തു തെറ്റാണു ഗാസയിലെ ജനങ്ങൾ ചെയ്തത്? ഇങ്ങനെ ചിന്തിക്കുമ്പോഴാണു നമ്മൾ ഗാസാജനങ്ങളോടു സഹാനുഭൂതിയുള്ളവരായിത്തീരുന്നത്. അവരുടെ നാടുമുഴുവൻ ഹമാസ് ഭീകരർ ഒളിത്താവളമാക്കുകയല്ലേ ചെയ്തത്? ഗാസയിലെ മണ്ണിനടിയിൽ മുഴുവൻ ഭൂഗർഭ അറകളും തുരങ്കങ്ങളും തീർത്ത് ഹമാസ് ഭീകരർ ആയുധപ്പുരകൾ സജ്ജീകരിക്കുകയായിരുന്നല്ലോ. അതു തടയാൻ ഗാസയിലെ ജനങ്ങൾക്കു കഴിയുമായിരുന്നില്ല.

പലസ്തീനായുടെ വികസനത്തിനും ദാരിദ്ര്യനിർമാർജനത്തിനുമായി ലോകരാഷ്ട്രങ്ങൾ ഭീമമായ ധനസഹായമാണു നൽകിവരുന്നത്. യൂറോപ്യൻ യൂണിയനും അമേരിക്കയുമാണ് ഇതിൽ സിംഹഭാഗവും നല്കിവരുന്നത്. 2025 ൽത്തന്നെ യൂറോപ്യൻ യൂണിയൻ 1.6 ബില്യൺ യൂറോയുടെ ധനസഹായമാണു പലസ്തീനായ്ക്കു പ്രഖ്യാപിച്ചത്. അറബ്‌രാജ്യങ്ങളിൽ സൗദിഅറേബ്യയാണ് ഏറ്റവും വലിയ സഹായദാതാവ്. പക്ഷേ, ഈ പണമെല്ലാം പലസ്തീൻകാർക്കു പ്രയോജനപ്പെടുന്നുണ്ടെന്നു കരുതാനാവില്ല. അവയിൽ നല്ലൊരു ഭാഗം ഭീകരപ്രവർത്തകരുടെ കൈകളിലാണെത്തിപ്പെടുന്നത്. പ്രത്യേകിച്ചു ഗാസയുടെ വിഹിതം മുഴുവനായി അപഹരിക്കുന്നതു ഹമാസാണ്. അവർ നാട്ടിൽ ഭീകരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ നേതാക്കന്മാർ വിദേശരാജ്യങ്ങളിൽ സുഖവാസത്തിലാണത്രേ. ഇറാനെപ്പോലെ ചില രാജ്യങ്ങൾ ഹമാസിനു മാത്രമായി വൻ തുക സംഭാവന നല്കുന്നുണ്ട്. ഇതിന്റെയെല്ലാം പാർശ്വഫലങ്ങൾ ഏറ്റുവാങ്ങുന്നതു ഗാസയിലെ പാവം ജനങ്ങളാണ്,

ഇനിയെങ്കിലും, ഗാസയിലെ ജനങ്ങൾക്കു സമാധാനം അനുഭവിക്കാൻ ഭാഗ്യമുണ്ടാകുമോ? സാഹചര്യങ്ങൾ അത്ര ശുഭകരമാണെന്നു തോന്നുന്നില്ല. ഇപ്പോൾ ഉണ്ടായിരിക്കുന്ന കരാറനുസരിച്ച് ഹമാസിന്റെ കൈവശമുള്ള 20 ബന്ദികളെയും മരണമടഞ്ഞ 28 ബന്ദികളുടെ മൃതദേഹങ്ങളും ഇസ്രയേലിനു കൈമാറുമ്പോൾ പകരം ഇസ്രയേൽജയിലുകളിലുള്ള 2000 ഹമാസ് ഭീകരരാണു വിമോചിതരാവുന്നത്. ഗാസയിൽ ഇപ്പോൾ ബാക്കിയുള്ള 15000 ഹമാസ് ഭീകരരോടൊപ്പം അവർകൂടിച്ചേരുമ്പോൾ ഹമാസ് വീണ്ടും ശക്തിപ്രാപിക്കുമെന്നാണു കരുതേണ്ടത്. റൊണാൾഡ് ട്രംപിന്റെ 20 ഇന



കരാർ വ്യവസ്ഥകളിൽ ഹമാസിന്റെ നിരായുധീകരണംകൂടി ഉൾപ്പെടുന്നുണ്ടെങ്കിലും അതു യാഥാർഥ്യമാകാൻ സാധ്യതയില്ല. യെമൻ താവളമാക്കിയിരിക്കുന്ന ഹൂതികളും ലെബനോണിൽ പ്രവർത്തിക്കുന്ന ഹിസ്ബുള്ളകളുംകൂടി ഹമാസിന്റെ സഹായത്തിലെത്തുമെന്നും തീർച്ച. ഈ കൂട്ടുകെട്ടു ലോകത്തിന്റെ സമാധാനം വീണ്ടും കെടുത്തുമെന്നു കരുതണം. അതിനു തെളിവാണ് ലോകരാഷ്ട്രങ്ങൾ ഗാസയുദ്ധവിരാമത്തിനുവേണ്ടി തിരക്കിട്ടു ചർച്ചകൾ നടത്തുന്നതിനിടയ്ക്ക്, ഒക്ടോബർ ഏഴാംതീയതി ഹൂതികൾ തെക്കൻ ഇസ്രയേലിൽ ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ചു നടത്തിയ ആക്രമണം. അതിനു തിരിച്ചടി നല്കാൻ പക്ഷേ, ഇസ്രയേൽ തയ്യാറായില്ല. അല്ലെങ്കിൽ ഇസ്രയേലിനു മറ്റൊരു പോർമുഖംകൂടി തുറക്കേണ്ടി വരുമായിരുന്നു.

> **ഭീകരപ്രവർത്തനം പൂർണമായി ഇല്ലാതാക്കുക അസാധ്യമാണെങ്കിലും, അതിനു വേദിയൊരുക്കിക്കൊടുക്കുന്ന നടപടികളിൽനിന്നു ലോകരാഷ്ട്രങ്ങൾ വിട്ടുനിൽക്കേണ്ടതാണ്. അതു പക്ഷേ, പലപ്പോഴും സംഭവിക്കുന്നില്ല.**

ഇതിനിടയിൽ അല്പമെങ്കിലും പ്രതീക്ഷ നൽകുന്നത് പലസ്തീൻ പ്രസിഡണ്ട് മെഹമൂദ് അബ്ബാസിന്റെ നിലപാടാണ്. ഈ സെപ്റ്റംബർ 25 ന് യുഎൻ. ജനറൽ അസംബ്ലിയെ സംബോധന ചെയ്ത അദ്ദേഹം 2023 ഒക്ടോബർ ഏഴിലെ ഹമാസ് ആക്രമണത്തെ അപലപിക്കുകയും യുദ്ധാനന്തര ഗാസഭരണത്തിൽ ഹമാസിന് ഇടമുണ്ടായിരിക്കില്ലെന്നു വ്യക്തമാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആഗ്രഹം അഭിനന്ദനീയമാണെങ്കിലും അതു യാഥാർത്ഥ്യമാകാൻ ഹമാസ് ഭീകരർ അനുവദിക്കുമെന്നു കരുതാൻ വയ്യ.

യുദ്ധം ഉണ്ടാകണമെന്നാഗ്രഹിക്കുകയും തുടങ്ങിയ യുദ്ധങ്ങൾ നിലയ്ക്കരുതെന്നു കണക്കുകൂട്ടുകയും ചെയ്യുന്ന ശക്തികളും ഉണ്ട്. യുദ്ധംമൂലം തകരുന്ന നാടുകളുടെ പുനർനിർമ്മാണത്തിൽ കണ്ണുനട്ടിരിക്കുന്ന അന്താരാഷ്ട്രനിർമാണക്കമ്പനികളും ആയുധവ്യാപാരികളും ഒരിക്കലും യുദ്ധമില്ലാത്ത ലോകത്തെ ഇഷ്ടപ്പെടുകയില്ല. ഏറ്റുമുട്ടുന്ന മുട്ടാടുകളുടെ ചോര കൊതിക്കുന്ന കുറുക്കന്മാർ! അവരുടെ പ്രലോഭനങ്ങളെയും ദുഷ്പ്രേരണകളെയും അതിജീവിക്കാൻ സമാധാനകാംക്ഷികളാണെങ്കിൽപോലും, പല രാഷ്ട്രങ്ങൾക്കും എളുപ്പമല്ല.

ഏതായാലും ലോകം ഇപ്പോൾ ആശ്വാസവീർപ്പിടുകയാണ്. ഒരു മഹായുദ്ധഭീതിയിൽനിന്നു തത്കാലത്തേക്കെങ്കിലും മോചനമുണ്ടായല്ലോ. ഇക്കാര്യത്തിൽ അമേരിക്കൻ പ്രസിഡന്റു റൊണാൾഡുട്രംപിന്റെ ഇടപെടലുകളെ അഭിനന്ദിച്ചേ മതിയാകൂ. ലോകം മുഴവൻ പകച്ചുനിൽക്കുമ്പോഴാണ് 20 ഇന വെടിനിർത്താൻ കരാറുമായി അദ്ദേഹം രംഗത്തുവന്നത്. ഇസ്രയേൽ പക്ഷപാതിയെങ്കിലും കരാറിലെ മുഴുവൻ വ്യവസ്ഥകളും ഏകപക്ഷീയമായിരുന്നില്ല. അതുകൊണ്ടാണു ഹമാസ് നേതൃത്വം പോലും അദ്ദേഹത്തെ പ്രശംസിച്ചത്. മാത്രവുമല്ല, നിശ്ചിതദിവസത്തിനകം കരാർ അംഗീകരിക്കുന്നില്ലെങ്കിൽ ഇസ്രയേലിന് ഇഷ്ടംപോലെയാകാമെന്നും അതിനു തന്റെ പൂർണപിന്തുണയുണ്ടായിരിക്കുമെന്നുമുള്ള ട്രംപിന്റെ അന്ത്യശാസനത്തിന് ഒരു ഭീഷണിയുടെ സ്വരംകൂടിയുണ്ടായിരുന്നല്ലോ. ഇസ്രയേൽ-ഇറാൻ സംഘർഷത്തിൽ ഇറാൻ ചർച്ചയ്ക്കു തയ്യാറായതും ട്രംപിന്റെ ഇസ്രായേൽ അനുകൂല ഇടപെടൽകൊണ്ടായിരുന്നു എന്നതും ഓർക്കേണ്ടതാണ്.

ഗാസയിൽനിന്ന് അവസാനത്തെ ഹമാസ്ഭീകരനെയും പുറത്താക്കണമെന്നതായിരുന്നു ഇസ്രയേലിന്റെ ലക്ഷ്യമെങ്കിലും അതിനുള്ള സാവകാശം നല്കാൻ ട്രംപും തയ്യാറായില്ല. ഇസ്രയേൽ യുദ്ധലക്ഷ്യത്തിലേക്കു മുന്നേറുന്നതിനിടയിൽ പലസ്തീന്റെ രാഷ്ട്രപദവി അംഗീകരിച്ച ബ്രിട്ടൺ, ഫ്രാൻസ്, ഓസ്ട്രേലിയാ, കാനഡതുടങ്ങിയ ഇസ്രയേൽ അനുകൂല രാഷ്ട്രങ്ങളുടെ നടപടി ഇസ്രയേലിന്റെ മേലുള്ള ഒരു സമ്മർദതന്ത്രമായിരുന്നു എന്നു കരുതാനാണു ന്യായം. ഗാസയിലെ നിരപരാധികൾ കൂട്ടക്കൊല ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ആ ജനാധിപത്യരാഷ്ട്രങ്ങൾ ആഗ്രഹിക്കുക സ്വാഭാവികം.

പക്ഷേ, ഇതിനൊരു മറുവശം കൂടിയുണ്ട്. ഈ നിർണായകഘട്ടത്തിൽ ആ രാഷ്ട്രങ്ങൾ പലസ്തീനു നല്കിയ അംഗീകാരം പരോക്ഷമായി ഭീകരപ്രവർത്തകർക്കു നല്കിയ അംഗീകാരമായി കലാശിക്കുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. ഭീകരപ്രവർത്തനം പൂർണമായി ഇല്ലാതാക്കുക അസാധ്യമാണെങ്കിലും, അതിനു വേദിയൊരുക്കിക്കൊടുക്കുന്ന നടപടികളിൽനിന്നു ലോകരാഷ്ട്രങ്ങൾ വിട്ടുനിൽക്കേണ്ടതാണ്. അതു പക്ഷേ, പലപ്പോഴും സംഭവിക്കുന്നില്ല. ഇസ്രയേലിനെതിരേ ഒറ്റക്കെട്ടായി നിൽക്കുന്നു എന്നു കരുതുന്ന അറബ് രാഷ്ട്രങ്ങൾ തമ്മിൽത്തമ്മിലുള്ള ശത്രുതയ്ക്കുള്ള പരിഹാരമായി ഭീകരപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുകയാണ്. ഭീകരവാദികൾ പൊതുവെ അറബ് രാഷ്ട്രങ്ങൾ താവളമാക്കിയിരിക്കുന്നിന്റെ കാരണവും മറ്റൊന്നല്ല്. എതിർരാജ്യത്തിനെതിരേ പ്രയോഗിക്കാവുന്ന ആയുധമായി പലരും ഭീകരപ്രവർത്തനത്തെ താലോലിക്കുന്നു.

ഇങ്ങനെ ആലോചിക്കുമ്പോൾ, ഇസ്രയേൽജനതയ്ക്കു സമാധാനമായി ഉറങ്ങാവുന്ന നാളുകൾക്കുവേണ്ടി ഇനിയും ഏറെ കാത്തിരിക്കേണ്ടി വരുമെന്നു തീർച്ച.

(അവസാനിച്ചു)

# ജീവനുണർത്തും ചുടുനീരുറവകൾ



ജോസ് വഴുതനപ്പിള്ളി



**നാ**ഗാനോവിലെ മഞ്ഞുമൂടിയ പർവതശിഖരങ്ങൾക്കിടയിൽ, സ്ഥിരം നീരാവി പറക്കുന്ന പ്രകൃതിദത്തമായ ചൂടൻ ഉറവകളുണ്ട്. അവിടെയാണ് ഈ കഥ നടക്കുന്നത്. അവിടത്തെ ഔഷധഗുണമുള്ള ലവണജലത്തിൽ സ്നാനം ചെയ്താൽ, നമുക്കെല്ലാം ഒരു പുനർജീവൻ ലഭിക്കും, നാം ശക്തിയാർജിക്കും.

കിക്കോ എന്ന തന്തക്കുരങ്ങൻ വയസ്സായി, രോമം കൊഴിഞ്ഞ് അവശനായി മന്ദം മന്ദം നടക്കുമ്പോഴും അവന്റെ കണ്ണുകളിൽ ഒരു അസാമാന്യമായ തിളക്കം കാണാമായിരുന്നു. ഏതോ ജ്ഞാനത്തിന്റെ വെളിച്ചം! മറ്റു കുരങ്ങന്മാർ വെറുതെ അലസമായി കുത്തിമറിഞ്ഞപ്പോൾ, പ്രഭാതസൂര്യൻ തന്റെ പൊൻകിരണങ്ങൾകൊണ്ട് മഞ്ഞുനിറഞ്ഞ മലകൾക്കുമുകളിൽ വെള്ളി പൂശിയപ്പോൾ, വയർ ഒന്നു ചൊറിഞ്ഞ് ഏതോ സിദ്ധിവൈഭവം ലഭിച്ചതുപോലെ കിക്കോ വെള്ളത്തിലേക്ക് ഊളിയിട്ടിറങ്ങി. വെള്ളത്തിനു നല്ല ചൂടുണ്ടായിരുന്നു. പിന്നീട് ഒരു അനുഷ്ഠാനംപോലെ, ആചാരക്രമം പോലെ കിക്കോ രാവിലെ പതിവായി വെള്ളത്തിൽ മുങ്ങാൻ തുടങ്ങി. ഇടയ്ക്കിടെ തല നനയ്ക്കും; ആവോളം ശക്തി ആവാഹിക്കും.

പുനർയൗവനം ലഭിച്ച കിക്കോ അരോഗദൃഢഗാത്രനും ശക്തിമാനുമായി പരിണമിക്കുകയായിരുന്നു, നവവീര്യം പ്രാപിച്ച കിക്കോ മറ്റു കുരങ്ങന്മാർക്കിടയിലൂടെ ഉത്സാഹഭരിതനായി തലയുയർത്തി നടന്നു. കളിയിലും വിളയാട്ടത്തിലും ബുദ്ധികൂർമ്മതയിലുമൊക്കെ അവൻ എല്ലാവർക്കും അനുകരണീയനായി. നല്ല പ്രചോദനം ലഭിച്ച കുരങ്ങന്മാർ അതീവഉത്സാഹത്തോടെ മരങ്ങളിലേക്ക് ഓടിക്കയറി. ഔഷധഗുണമുള്ള വെള്ളത്തിന്റെ മാന്ത്രികശക്തി തിരിച്ചറിഞ്ഞ മറ്റു കുരങ്ങന്മാരും കിക്കുവിനെപ്പോലെ വെള്ളത്തിൽ മുങ്ങാൻ പഠിച്ചു. അവരിലെല്ലാം അനിതരസാധാരണമായ ഒരുന്മേഷം നിറയാൻ തുടങ്ങി.

**അക്കി ഹിറ്റോ**

മൈലുകൾക്കകലെ അക്കിഹിറ്റോ എന്നൊരു ചക്രവർത്തി വാഴുന്നുണ്ടായിരുന്നു. തിരക്കുപിടിച്ച ഒരു ജീവിതമായിരുന്നു ചക്രവർത്തിയുടേത്. എപ്പോഴും പ്രജകളുടെ പ്രശ്നങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, വിരുന്നുസൽക്കാരങ്ങൾ എന്നുവേണ്ട, വിശ്രമം എന്നൊന്ന് അസുലഭമായിരുന്നു. ഈ തിരക്കുകൾക്കിടയിൽ വല്ലാത്തൊരു ക്ഷീണം ചക്രവർത്തിയെ തളർത്തുന്നുണ്ടായിരുന്നു. അസ്ഥികൾക്കൊക്കെ ഒരു ബലക്കുറവു സംഭവിച്ചതുപോലെ. ദേഹാസ്വാസ്ഥ്യങ്ങൾ മെല്ലെ മെല്ലെ അദ്ദേഹത്തെ അലട്ടാൻ തുടങ്ങി. ഏറെ ഉത്തരവാദിത്വങ്ങൾക്കിടയിൽ മൊത്തത്തിൽ ഒരു വല്ലായ്മ. ജീവചൈതന്യവും ചുറുചുറുക്കും നഷ്ടപ്പെട്ടതുപോലെ.

അങ്ങനെയിരിക്കെ ഒരു തണുപ്പുകാലത്തു കൊട്ടാരത്തിലെ ബഹളങ്ങൾക്കിടയിൽനിന്നൊരു മോചനം നേടാൻ അദ്ദേഹം മലമുകളിലേക്ക് ഒരു ഏകാന്തയാത്ര പോയി. ഒറ്റയ്ക്കു മലഞ്ചെരുവുകളിലൂടെ നടക്കുമ്പോൾ പൊടുന്നനെ ചെന്നുനിന്നതു നമ്മുടെ കിക്കുക്കുരങ്ങന്റെയും കൂട്ടരുടെയും ചൂടൻ നീരുറവയ്ക്കടുത്ത്! അദ്ഭുതപരതന്ത്രനായി ഈ മനോഹരമായ കാഴ്ച കണ്ടു ചക്രവർത്തി നിന്നു. കിക്കുവും കൂട്ടരും മുങ്ങിയെഴുന്നേൽക്കുമ്പോൾ അവർക്ക് ഒരു ഉണർവും പുനർജീവനും ലഭിച്ചതുപോലെ. ആദ്യം ക്ഷീണിതനായി മുങ്ങിയ കിക്കോ മുങ്ങിപ്പൊന്തുമ്പോൾ അവന്റെ ഊർജം ഇരട്ടിക്കുന്നതുപോലെ. സ്വന്തം ആരോഗ്യത്തിന്റെ കാര്യത്തിൽ എങ്ങനെ ശ്രദ്ധിക്കണം എന്നതിന്റെ പാഠം അങ്ങനെ കിക്കോക്കുരങ്ങിൽനിന്നു ചക്രവർത്തി പഠിച്ചെടുത്തു.

**ഓൺസെൻ എന്നുവിളിക്കുന്ന ചൂടൻ ഉറവകൾ**

വിശ്രമമില്ലാത്ത തന്റെ ജീവിതയാത്രയ്ക്കിടയിൽ സ്വന്തം ശരീരത്തെ അവഗണിക്കുകയായിരുന്നു എന്ന യാഥാർഥ്യം ചക്രവർത്തി തിരിച്ചറിഞ്ഞു. ശരിയായ ഊർജം വീണ്ടെടുക്കാനും പുനരുജ്ജീവനത്തിനും ഇടവേളകൾ അത്യാവശ്യമെന്നു മനസ്സിലാക്കി. അപ്പോഴാണ് നമ്മുടെ ശരീരത്തിൽ ആഴത്തിൽ ഒളിഞ്ഞുകിടക്കുന്ന ശക്തികൾ പുറത്തേക്കു വരിക. നീരുറവയിലെ ചൂടിനെ പേശികൾക്കുള്ളിലേക്ക് ആവാഹിച്ചു, പല പ്രാവശ്യം മുങ്ങിയപ്പോൾ അസാമാന്യമായ ഒരു ശാന്തി അനുഭവപ്പെട്ടു. ശരീരം മാത്രമല്ല, മനസ്സും വീര്യം പ്രാപിക്കുകയായിരുന്നു.

ചക്രവർത്തി തന്റെ ദിനചര്യകൾ മാറ്റിക്കുറിച്ചു. ഒറ്റയ്ക്കിരുന്നു ധ്യാനിക്കാൻ സമയം കണ്ടെത്തി. പ്രകൃതിയുമായി കൂടുതലടുത്തു. കൂടക്കൂടെ ഏകാന്തയാത്രകൾ നടത്തി കിക്കോവിനെപ്പോലെ ചുടുനീർവെള്ളത്തിൽ മുങ്ങിക്കിടന്നു. കൊട്ടാരത്തിലെ പരിചാരകരും മന്ത്രിമാരും ചക്രവർത്തിക്കു വന്ന മാറ്റം കണ്ട് അദ്ഭുതപ്പെട്ടു. അദ്ദേഹമെടുക്കുന്ന തീരുമാനങ്ങൾക്കെല്ലാം ഒരു കൃത്യത കൈവന്നിരിക്കുന്നു. പെരുമാറ്റരീതിക്കും മാറ്റം വന്നു. കൂടുതൽ ലാളിത്യം, ദീനാനുകമ്പ! വറ്റാത്ത അരുവിയിൽ എന്നപോലെ ഊർജം പ്രവഹിക്കുന്നത് അവർക്കു കാണാമായിരുന്നു.

ചക്രവർത്തിയുടെ ഈ രഹസ്യം പതുക്കെപ്പതുക്കെ ജനങ്ങൾ എല്ലാവരും അറിഞ്ഞു. ശരീരത്തിന്റെയും മനസ്സിന്റെയും ബാറ്ററികൾ എങ്ങനെ വീണ്ടും നിറയ്ക്കാം, പൂർണമാക്കാമെന്നു പ്രജകൾ തിരിച്ചറിഞ്ഞു. ഒരിക്കൽ ഒരു യുദ്ധത്തിൽ രാജ്യം ഏർപ്പെടുകയും അതിൽ വല്ലാതെ പരാജയപ്പെടുകയും ചെയ്തു. ക്ഷീണിതരായി എല്ലാം തീർന്നുവെന്നു കരുതി മടങ്ങിയവരോട് എങ്ങനെ വീണ്ടും ഊർജസ്വലരാകാമെന്ന് ചിലർ ഉപദേശിച്ചു. ചൂടുറവകളിൽ കുറെനാൾ മുങ്ങി അവരെല്ലാം ശക്തി പ്രാപിച്ചു, ഒടുവിൽ പിന്നെയൊരു യുദ്ധത്തിൽ വിജയശ്രീലാളിതരായി മടങ്ങിയെന്നാണു കഥ.

ഇന്ന് ജാപ്പനീസ്സംസ്കാരത്തിന്റെ ഭാഗമാണ് ചൂടുറവകളിലെ സ്നാനവും ധ്യാനവും. ഇന്നും കുരങ്ങന്മാർക്കു മാത്രമായി ജലക്രീഡയ്ക്കായി ധാരാളം ഇടങ്ങൾ ജപ്പാനിലുണ്ട്. മനുഷ്യർക്കു കുളിക്കാൻ ഒട്ടേറെ ഇടങ്ങളിൽ സ്നാനഘട്ടങ്ങൾ ഒരുക്കിയിട്ടുണ്ട്. പല വലിയ ഹോട്ടലുകളിലും പുനരുജ്ജീവനത്തിനായി പ്രത്യേകം സൗകര്യം ഒരുക്കിയിരിക്കുന്നു.

■

# സർവനാശത്തിന്റെ എഴുത്തധിപതി

3-ാം പേജ് തുടർച്ച

ഈ നോവലിലെ കിഴക്കൻ-ഏഷ്യൻ യാത്രാവിവരണങ്ങൾ അതിർത്തിപ്രദേശങ്ങളുമായി ബന്ധപ്പെട്ട അന്തർ-സാംസ്കാരികമായ ഇടങ്ങളെക്കുറിച്ചല്ല; മറിച്ച്, തകർച്ചയുടെ അവസ്ഥകളിൽ നിലനില്പിനായി പോരാടുന്ന സമൂഹത്തിന്റെ അരികുകളിലെ സാഹചര്യങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നത്. നോവലിലെ കഥ നടക്കുന്നത് ഒരു പേരില്ലാത്ത ഗ്രാമത്തിലാണ്. ഒറ്റപ്പെട്ട ആ ഗ്രാമത്തിലെ അവശേഷിക്കുന്ന ഡസൻ കണക്കിന് നിവാസികളെ കേന്ദ്രീകരിച്ചാണ് നോവൽ വികസിക്കുന്നത്. ഒരിക്കൽ അഭിവൃദ്ധി പ്രാപിച്ചിരുന്ന ഈ തോട്ടം ഇപ്പോൾ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ദാരിദ്ര്യത്തിലും രോഗങ്ങളിലും സ്വന്തം സമയം പോക്കുന്ന ഭവനരഹിതരായ മനുഷ്യരാണ് അവിടെയുള്ളത്. ആ ഫാമിലേക്ക് ഒരു ദിവസം ഇർമിയാസും അദ്ദേഹത്തിന്റെ കൂട്ടുകാരനും അപ്രതീക്ഷിതമായി മടങ്ങിയെത്തുന്നു. 'ഒക്ടോബർമാസത്തിന്റെ അവസാനത്തോടടുത്ത്, ആദ്യത്തെ കഠിനമായ നീണ്ട ശരത്കാലമഴ എസ്റ്റേറ്റിന്റെ പടിഞ്ഞാറുഭാഗത്തുള്ള വിണ്ടുകീറിയതും ഉപ്പുരസമുള്ളതുമായ മണ്ണിലേക്കു വീഴാൻ തുടങ്ങുന്നതിന് തൊട്ടുമുമ്പുള്ള ഒരു ദിവസം'. ഇർമിയാസ് ആരാണെന്നോ എന്തിനാണു തിരികെ വരുന്നതെന്നോ വായനക്കാർക്ക് ആദ്യ അധ്യായത്തിൽത്തന്നെ സൂചന ലഭിക്കുമെങ്കിലും, ഇത് അധികാരികൾ അറിയുന്നില്ല. ഇർമിയാസ് അവർക്ക് ഒരു പുതിയ ജീവിതം വാഗ്ദാനം ചെയ്യുന്നു, പക്ഷേ, തന്റെ വാഗ്ദാനം നിറവേറ്റുന്നതിനു പകരം, അവർ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ പണം കൈക്കലാക്കുകയും അവരെ തന്റെ നിയന്ത്രണത്തിലുള്ള ഒരു ശൃംഖലയിലേക്കു റിക്രൂട്ട് ചെയ്യുകയും ചെയ്യുന്നു. ഹംഗറിയിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഈ നോവൽ വലിയ തോതിൽ സ്വീകരിക്കപ്പെട്ടു. രാഷ്ട്രീയ വായനകൾ ഏറെ ഈ നോവലിനുണ്ടായി. ദശാബ്ദത്തിലെ ഏറ്റവും പ്രധാനപ്പെട്ട കൃതികളിൽ ഒന്നായി സെയ്റ്റൻടാൻഗോ കണക്കാക്കപ്പെടുന്നു. 1990ൽ ജർമൻ വിവർത്തനം വന്നതിനുശേഷം വിദേശ സ്വീകാര്യത ഈ നോവലിന് പുതിയ മാനങ്ങൾ നൽകി. ഈ നോവലിനെ നിഷേധാത്മകമായ അതിഭൗതികതയുടെ (negative metaphysics) ഫലമായ വലിയ നിരാശയുടെ പനോരമയായി കണക്കാക്കാമെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ജീവിതം അർഥശൂന്യമാണെന്നോ മരണം മാത്രമാണ് പോംവഴിയെന്നോ ക്രാസ്നഹോർകായ് പറയുന്നില്ല. മനുഷ്യത്വം നിത്യതയിൽ അർഥശൂന്യമായ ഒരു ബിന്ദുവാണെന്ന് അദ്ദേഹം കരുതുന്നില്ല. ആളുകൾ മറന്നുപോകുമ്പോൾ എന്താണു സംഭവിക്കുന്നതെന്ന് അദ്ദേഹം കാണിക്കുകയാണ്. ജീവിതം ഇത്രയും താഴ്ന്ന നിലയിലെത്താൻ അനുവദിച്ചതിന് അദ്ദേഹം തന്റെ സർക്കാരിനെയും രാജ്യത്തെയും വിമർശിക്കുന്നു. അതിനാൽ ഉത്തരാധുനികമാണ് അദ്ദേഹത്തിന്റെ എഴുത്ത്. അതിൽ ചില പുരാവൃത്തസംഹിതകളുണ്ട്. "തമാശകൾ ജീവിതം പോലെയാണെന്ന് നിങ്ങളുടെ മസ്തിഷ്കത്തിൽ ഉറപ്പിക്കൂ. മോശമായി തുടങ്ങുന്ന കാര്യങ്ങൾ മോശമായി അവസാനിക്കും. മധ്യത്തിലായിരിക്കും എല്ലാം നന്നായിരിക്കുന്നത്, നിങ്ങൾ പേടിക്കേണ്ടത് അതിന്റെ അവസാനത്തെക്കുറിച്ചാണ്." ലാസ്ലോ ക്രാസ്നഹോർകായ്‌യുടെ ഏറെ ആഘോഷിക്കപ്പെട്ട ഉദ്ധരണികളിലൊന്നാണിത്. ഇക്കൊല്ലം സാഹിത്യനൊബേൽ സമ്മാനിതനായ ഈ ഹംഗേറിയൻ എഴുത്തുകാരന് ഒരിക്കലും സ്വന്തം എഴുത്തിനെക്കുറിച്ച് പേടിക്കേണ്ടിവന്നിട്ടില്ല. എഴുത്തിൽ നന്നായി തുടങ്ങി നന്നായിത്തന്നെ തുടരാൻ ഈ സമ്മാനം സഹായകമാകുമെന്ന കാര്യത്തിൽ സംശയവുമില്ല.

*(ലേഖകൻ തുമ്പ സെന്റ് സേവ്യേഴ്സ് കോളജ് പ്രിൻസിപ്പലാണ്)*



കഥ

ജോർജ് നെയ്യശ്ശേരി

# നിനക്കു മുമ്പേ

ഭാരം തൂങ്ങിയ കണ്ണുകൾ വിടർത്തി ചില്ലുജാലകത്തിലൂടെ ട്രീസ ഗാർഡനിലേക്കു നോക്കി നിന്നു. ഇടയ്ക്കിടെ നിറഞ്ഞൊഴുകുന്ന കണ്ണുകൾ അവൾ കർച്ചീഫ് കൊണ്ടു തുടച്ചു.

തലയാട്ടി പുഞ്ചിരിതൂകി നിൽക്കുന്ന പൂക്കൾകൊണ്ട്, സമൃദ്ധമാണ് ഗാർഡൻ. പൂക്കളെയും ചെടികളെയും ഏറെ ഇഷ്ടപ്പെടുന്ന ട്രീസയ്ക്ക് ഗാർഡന്റെ മനോഹാരിത ആസ്വദിക്കാനുള്ള മാനസികാവസ്ഥ നഷ്ടമായിരുന്നു.

ട്രീസയുടെ ഭർത്താവ് ഓങ്കോളജിവാർഡിലെ സ്യൂട്ട് റൂമിൽ മരണം കാത്തു കിടക്കുകയാണ്.

ട്രീസയും ഭർത്താവ് ടോമിയും ഷഷ്ടിപൂർത്തി കഴിഞ്ഞ അധ്യാപകദമ്പതികളാണ്. അവർക്കൊരു മകൾ സ്റ്റെഫി. സ്റ്റെഫി ഭർത്താവുമൊത്ത് ഓസ്ട്രേലിയയിലാണ്.

ഹോസ്പിറ്റലിന്റെ ഓരോ ഡിപ്പാർട്ട്മെന്റിനും ബഹുനില മന്ദിരങ്ങളുണ്ട്. ഹോസ്പിറ്റൽ കോമ്പൗണ്ടിൽ പുതിയ കോംപ്ലക്സിന്റെ പണികൾ തകൃതിയായി നടക്കുന്നു.

മുഖം തുടച്ച് ഒരു നെടുവീർപ്പോടെ ട്രീസ ഭർത്താവിനടുത്തേക്കു മടങ്ങിയെത്തി. അയാൾ ഉണർന്നുകിടക്കുകയായിരുന്നു. അയാൾക്കൊരു വിളറിയ ചിരി നൽകി അവൾ അയാളുടെ അടുത്തിരുന്നു. തോളിൽ സ്പർശിച്ചു ചോദിച്ചു:

"കോഫിയോ ജ്യൂസോ എടുക്കട്ടെ."

"ഇപ്പോൾ ഒന്നും വേണ്ട... എനിക്ക് ഒരോ ദിവസവും ക്ഷീണം കൂടിവരുന്നു. ഓർഗൻസിനെയെല്ലാം ചിലന്തി കീഴടക്കിക്കഴിഞ്ഞു. ഇനി ഏറെ ദിവസങ്ങളില്ലെന്നു മനസ്സു പറയുന്നു. കണ്ണുകളുടെ കാഴ്ച മങ്ങി മങ്ങിമങ്ങി വരുന്നു. കേൾവി കുറയുന്നു. കൈകാലുകളുടെ ബലം കുറയുന്നു. ഓർമശക്തി ക്ഷയിച്ചുക്ഷയിച്ചു വരുന്നു."

അയാൾ ഒന്നുനിർത്തി അവളെ നോക്കി.

അയാളെ എന്തു പറഞ്ഞ് ആശ്വസിപ്പിക്കും എന്നറിയാതെ നിറഞ്ഞ കണ്ണുകളോടെ അവൾ അയാളെ തഴുകിക്കൊണ്ടിരുന്നു.

"ഞാനിപ്പോൾ ഫോർത്ത് സ്റ്റേജിലാണെന്ന് എനിക്കറിയാം. എന്റെ ഇപ്പോഴത്തെ കണ്ടീഷനെക്കുറിച്ച് ഓങ്കോളജിസ്റ്റുകൾ നിന്നോടു പറഞ്ഞിട്ടുണ്ടാവും. നീ എന്നോട് ഒന്നും വിട്ടുപറയാത്തതാ. എന്റെ ആരോഗ്യസ്ഥിതിയുടെ അവസ്ഥ നിന്റെ മുഖഭാവത്തിൽനിന്ന് എനിക്കു വായിച്ചെടുക്കാൻ പറ്റും. എത്ര നാളായി ഞാൻ നിന്നെ കാണുന്നു."

ടോമിയുടെ നാവു കുഴഞ്ഞ് പുറത്തേക്കു വന്ന ശബ്ദം അസ്പഷ്ടമായി.

ട്രീസ ഭർത്താവിനെ ആശ്വസിപ്പിച്ച് അയാളുടെ കൈകളിൽ മുറുകെപ്പിടിച്ച് കണ്ണീർചുംബനം നൽകി.

"ഇങ്ങനെയൊക്കെ പറഞ്ഞു നിന്നെ വേദനിപ്പിക്കരുതെന്ന് ഓർമിക്കുമെങ്കിലും അടുത്തനിമിഷം ഞാനതു മറക്കുന്നു. നിന്നെ സ്നേഹിച്ചും നിന്റെ സ്നേഹം സ്വീകരിച്ചും എന്റെ മനസ്സിനു മതിയായിട്ടുണ്ടാവില്ല... അതായിരിക്കും ഇങ്ങനെയൊക്കെ പെരുമാറുന്നത്."

അവൾ മറുപടിയൊന്നും പറയാതെ റൂമിലെ ഡൈനിങ് ടേബിളിൽ മൂടിവച്ചിരുന്ന ലൈംജ്യൂസെടുത്ത് അയാൾക്കു നൽകി.

പാതി കുടിച്ചതിനുശേഷം അയാൾ ഗ്ലാസ് തിരികെനൽകി.

ഓങ്കോളജിസ്റ്റുകളും നേഴ്സുമാരും ഇടയ്ക്കിടെ വന്ന് അയാളുടെ ആരോഗ്യസ്ഥിതി വിലയിരുത്തിക്കൊണ്ടിരുന്നു.



"എനിക്കു നിന്നെ കണ്ടുകൊണ്ട്, നിന്റെ സാമീപ്യം അറിഞ്ഞ് മരണത്തെ സ്വീകരിക്കണം. അതുകൊണ്ടാ ഗൃഹാന്തരീക്ഷമുള്ള ഈ സ്യൂട്ട് എടുത്തത്. ഐ.സി.യുവിൽക്കിടന്ന് നിന്നെ കാണാതെ മരണത്തെ വരിക്കാൻ ഞാൻ തയ്യാറല്ല."

അയാളുടെ കൈത്തണ്ടയിൽ തലോടിക്കൊണ്ടിരുന്നതല്ലാതെ അവൾ മറുപടിയൊന്നും പറഞ്ഞില്ല.

ഉച്ചയ്ക്ക് ഒന്നരയായപ്പോൾ ട്രീസ ടി.വി. ഓൺ ചെയ്തു. ബെഡ് ഉയർത്തി അവൾ ഭർത്താവിന് ടി.വി. കാണാൻ സൗകര്യപ്രദമായ രീതിയിൽ ക്രമീകരിച്ചു.

ജോർജിയോ ഫ്രസാത്തിയെയും കാർലോ അക്യൂറ്റിസിനെയും ലിയോ പതിന്നാലാമൻ മാർപാപ്പാ വിശുദ്ധരായി പ്രഖ്യാപിക്കുന്ന ചടങ്ങു കാണാൻ അയാൾ താത്പര്യം പ്രകടിപ്പിച്ചു.

"കാർലോ അക്യൂറ്റിസിനെ കാണുമ്പോൾ എനിക്ക് അറിയാതെ ഒരു ചിരി വരും. ഒരു കുസൃതിക്കാരന്റെ മട്ടുംഭാവവും. നമ്മുടെ സ്വന്തപ്പെട്ട വീട്ടിലെ ഒരു പയ്യനെപ്പോലെ."

ടി.വി. യിലേക്കു കണ്ണും നട്ട് ടോമി ചെറുചിരിയോടെ പറഞ്ഞപ്പോൾ അതു ശരിവച്ച് ട്രീസ തല കുലുക്കി. "അക്യൂത്തിസിന്റെ മാതാപിതാക്കളും സഹോദരങ്ങളും എത്ര ഭാഗ്യം ചെയ്തവരാ. അവരുടെ ജീവിതകാലത്തുതന്നെ കാർലോ വിശുദ്ധനായല്ലോ."

"സ്വർഗം എപ്പോഴും നമ്മെ പ്രതീക്ഷിക്കുന്നു. വിശുദ്ധ കുർബാനയാണ് എനിക്കു സ്വർഗത്തിലേക്കുള്ള വഴിയെന്നാ വിശുദ്ധ കാർലോ പറഞ്ഞിട്ടുള്ളത്. ദിവ്യകാരുണ്യത്തിന്റെ സൈബർ അപ്പസ്തോലനാ കാർലോ."

ഭർത്താവിന് ഓറഞ്ചുജ്യൂസ് നൽകിക്കൊണ്ട് അവൾ പറഞ്ഞു.

"എനിക്കു നാളെ ഒന്നു കുമ്പസാരിക്കണം. ആ സിസ്റ്റർ എത്ര ദിവസമായി ചോദിക്കുന്നു. കുമ്പസാരിക്കുന്നുണ്ടോ എന്ന്. ഞാൻ എന്നും നോ പറയും. ഞാൻ നോ പറഞ്ഞാലും പിറ്റേന്നും അവർ ചോദിക്കും കുമ്പസാരിക്കുന്നുണ്ടോ എന്ന്. അവർ എന്നും വന്നു ചോദിക്കുമ്പോൾ എനിക്ക് ഈർഷ്യ തോന്നിയിരുന്നു. നീതന്നെ എന്നോട് കുമ്പസാരിക്കുന്ന കാര്യം എത്ര വട്ടം പറഞ്ഞിട്ടുണ്ട്. ഇപ്പോൾ എന്തോ എനിക്കു കുമ്പസാരിക്കണമെന്നു തോന്നുന്നു."

അവിശ്വസനീയതയോടെ അവൾ അയാളെ നോക്കി. നല്ല വാർത്ത കേട്ട സന്തോഷത്തിൽ അവൾ അയാൾക്കൊരു മുത്തം നൽകി.

രാത്രിയിൽ ട്രീസ ഭർത്താവിന് ഇളംചൂടുകഞ്ഞി കോരിക്കൊടുത്തു. അയാൾക്ക് ഒട്ടും വിശപ്പു തോന്നിയില്ലെങ്കിലും അവൾ തരുന്നതോർത്ത് അയാൾ അറിയാതെ വാ പൊളിച്ചു.

"നമ്മുടെ സ്നേഹബന്ധത്തിന് ഇനി ദിവസങ്ങളുടെ ആയുസ്സേ ഉള്ളൂ. എങ്കിലും, ഇത്രയുംനാൾ നീ നൽകിയ സ്നേഹത്തിൽ ഞാൻ തൃപ്തനാണ്. എനിക്കു നിന്നെ ഓർത്താ വിഷമം. നീ ഒറ്റയ്ക്കായി പോവുമല്ലോ എന്ന ചിന്ത എന്നെ വേട്ടയാടുന്നു. മോളുടെ അടുത്തേക്കു പോകണോ ഇവിടെ ഒറ്റയ്ക്കു ജീവിക്കണോ എന്നു നീ തന്നെ തീരുമാനം എടുക്കുക."

അവൾ തല കുമ്പിട്ടിരുന്നതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല.

"എന്തു തീരുമാനത്തിലും നിന്റെ സമാധാനത്തിനും സന്തോഷത്തിനുമായിരിക്കണം പരിഗണന നൽകേണ്ടത്. ഇപ്പോൾ ഷഷ്ടിപൂർത്തി കഴിഞ്ഞവരും പുനർവിവാഹത്തെക്കുറിച്ചു ചിന്തിക്കുന്നുണ്ട്. ആ വഴിക്കും ആലോചിക്കാം. എന്നെക്കഴിഞ്ഞും നിന്നെ സ്നേഹിക്കുന്ന ഒരാളെ കണ്ടെത്തിയാൽ മാത്രം. ഇല്ലെങ്കിൽ ജീവിതം ദുരിതക്കയത്തിലാകും. അതുകൊണ്ട് ശ്രദ്ധിച്ചുവേണം തിരഞ്ഞെടുക്കാൻ. നീ ഇപ്പോഴും സുന്ദരിയല്ലേ." ദുർബലമായ കൈകൾകൊണ്ട് അവളെ പൊതിഞ്ഞുപിടിച്ച് അയാൾ ചിരിച്ചു.

അവൾ അയാളുടെ ഇരുകൈകളുമെടുത്ത് മുഖത്തോടു ചേർത്ത് വിങ്ങിപ്പൊട്ടി.

"സോറി. ഞാൻ ചുമ്മാ തമാശ പറഞ്ഞതല്ലേ..."

അയാൾ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

"ലോക്കറിന്റെ താക്കോൽ, ഡോക്യുമെന്റ്സ്, എഫ്.ഡികൾ, ക്യാഷ് എല്ലാം എവിടെയാണു വച്ചിരിക്കുന്നതെന്നു ഞാൻ പറഞ്ഞുതന്നിട്ടുണ്ടല്ലോ."

"നമുക്കു മറ്റെന്തെങ്കിലും സംസാരിക്കാം. ഇത്തരം സംസാരങ്ങൾ എന്നെ വല്ലാതെ ശ്വാസം മുട്ടിക്കുന്നു."

അവൾ തന്റെ ബുദ്ധിമുട്ട് പ്രകടമാക്കി.

ചില്ലുജാലകങ്ങൾക്കപ്പുറത്ത് ഹോസ്പിറ്റലിന്റെ ബിൽഡിങ്ങുകളിലെല്ലാം വൈദ്യുതദീപാലങ്കാരങ്ങൾ കാണാം. ഹോസ്പിറ്റലിന്റെ ആനിവേഴ്സറിയോടനുബന്ധിച്ചുള്ള അലങ്കാരങ്ങളാണ്.

കോറിഡോറിൽ തണുത്ത കാറ്റേറ്റുനിന്ന് ട്രീസ കണ്ണീരൊഴുക്കി. ടോമി ഇനിയും ഉറങ്ങാതെ എന്തെല്ലാമോ പറയുന്നുണ്ട്. അതു കേൾക്കുമ്പോൾ തന്റെ ദുഃഖം ഇരട്ടിക്കുകയാണ്. ഓരോന്നു ചിന്തിച്ച് ഹൃദയഭാരത്തോടെ വന്ന് അവൾ കിടന്നു.

ടോമി അപ്പോഴും പറഞ്ഞുകൊണ്ടിരുന്നു.

"ഇന്ന് ആകാശത്തിൽ നിറയെ നക്ഷത്രങ്ങളുണ്ട്. ഇവിടെക്കിടന്നുകൊണ്ടു നോക്കുമ്പം ആകാശം എത്ര ഭംഗിയാ... നക്ഷത്രങ്ങളുടെ ലോകത്തേക്കു ഞാൻ പറന്നുപറന്നുപോകും. ട്രീസാ... നിന്നെ ഞാൻ കൊണ്ടുപോകില്ല. ഞാൻ ഒറ്റയ്ക്കു പോകും."

"അവിടെ ചെല്ലുമ്പോ എന്റെ മനസ്സും ഹൃദയവും നിനക്കുവേണ്ടി ദാഹിക്കുമോ... എനിക്കറിയില്ല. ഓ! മരിച്ചുകഴിഞ്ഞാൽ പിന്നെ ഇത്തരം വികാരങ്ങളൊന്നും ഉണ്ടാകില്ലല്ലോ!"

"ഇന്നു രാത്രി വൈകിയിട്ടും എന്താണാവോ ഉറക്കം വരാത്തത്. ഒരിക്കലും ഉണരാത്ത ഉറക്കത്തിന്റെ മുന്നോടിയായി ഇങ്ങനെയെല്ലാം സംഭവിക്കുമായിരിക്കും. എന്തുമാത്രം കീമോകൾ. എന്തോരം മരുന്നുകൾ. അതുകൊണ്ടെല്ലാമായിരിക്കും ഒറക്കം വരാത്തത്.

"ഞാൻ നിന്നെ ബോറടിപ്പിക്കുന്നുണ്ട് ഇല്ലേ... സാരമില്ല. നിന്നെ സ്നേഹിച്ചും നിന്നോടു സംസാരിച്ചും എനിക്കു കൊതി തീരുന്നില്ല.

"ഞാൻ പറയുമ്പം നിനക്കൊന്നു മൂളുകയെങ്കിലും ചെയ്തുകൂടേ... എത്ര വൈകിയാലും വീട്ടിലാണെങ്കിലും ഇവിടെയും ഞാൻ ഉറങ്ങിയിട്ടേ നീ ഉറങ്ങാറുള്ളല്ലോ. ഇന്നെന്താ... ഇങ്ങനെ."

"നിന്നെ ആദ്യമായി കണ്ടത് ഇടയ്ക്കിടെ ഞാൻ ഓർക്കാറുണ്ട്. ശനിയാഴ്ച ഞാൻ ഒരു പെൺകുട്ടിയെ പെണ്ണുകാണാൻ ചെല്ലാമെന്ന് ഏറ്റിരുന്നതാ... വെള്ളിയാഴ്ചയാ നീ ട്രാൻസ്ഫറായി ഞങ്ങളുടെ സ്കൂളിലേക്കു വന്നത്. നിന്നെ കണ്ടതേ എന്റെ ഹൃദയം പറഞ്ഞു ഇതാ നിന്റെ പെണ്ണെന്ന്... സ്പാർക്കെന്നു പറഞ്ഞാൽ ഇതാ സ്പാർക്ക്."

"ഞാൻ ഭയങ്കര ഭാഗ്യവാനാ. പണ്ടത്തെ മാട്രിമോണിയൽ പരസ്യത്തിലേപ്പോലെതന്നെയുള്ള പെണ്ണിനെ എനിക്കു കിട്ടി. സുന്ദരിയും സുശീലയുമായ പെൺകുട്ടി...." അയാൾ ആഹ്ലാദം പ്രകടമാക്കി ഒന്നു ചിരിച്ചു.

"ട്രീസാ... ട്രീസാ... നീ ഉറങ്ങിയോ... ഞാൻ വിളിച്ചു ശല്യപ്പെടുത്തി നിന്റെ ഉറക്കം കളയുന്നില്ല. നീ ഉറങ്ങിക്കോ..."

അവൾ ഉറങ്ങിക്കഴിഞ്ഞിരുന്നു. അവൾ ഉറങ്ങുന്നത് ഭൂമിയിൽ ഇനി ഒരിക്കലും ഉണരാത്ത ഉറക്കമാണെന്ന് അയാൾ അറിഞ്ഞില്ല.

■

ബാലനോവൽ 6

# പൊന്നിവനത്തിലെ കഴുത

നിഥിൻകുമാർ ജെ.



**ക**ഴുത നോക്കുമ്പോൾ ഒരു പലക താഴേക്കു വരുന്നതാണു കണ്ടത്. പെട്ടെന്നു തന്നെ പൂച്ചയോടു പറഞ്ഞു:

"അതു താഴെ വന്നാൽ ഉടനെ എനിക്കൊപ്പം കയറിവരണം. എന്തു സംഭവിച്ചാലും എന്നെ പിടിച്ചിരുന്നോണം. മുകളിൽ എത്തിയാൽ ഉടനെ അവരെന്നെ വലയിട്ടുപിടിക്കും. അവർ പറയുന്നതു ഞാൻ കേട്ടു. അതിനുമുമ്പ് നിങ്ങൾ ഓടിക്കോണം."

"അപ്പോ ഡോസിയോ?"

"എന്റെ കാര്യം സാരമില്ല. മനുഷ്യൻ ഞങ്ങളെ അവരുടെ ഭാരമുള്ള ജോലികൾ ചെയ്യാനാണു കൊണ്ടുപോകുന്നത്. എന്റെ അമ്മ പറഞ്ഞിട്ടുണ്ട്. ഒന്ന് ഉറപ്പാണ്. അവരെന്നെ തല്ലിക്കൊല്ലില്ല... മാത്രമല്ല, എനിക്കും പോകേണ്ടത് ഗ്രാമത്തിലേക്കാണല്ലോ." ഡോസി കീരയുടെ മുഖത്തുനോക്കാതെ അത്രയും പറഞ്ഞു നിർത്തി. പലക താഴെ എത്തിയതും പൂച്ചകളും കഴുതയും അതിലേക്കു കയറിനിന്നു. ആദ്യം പൂച്ചകളോടു കയറാനാണ് ഡോസി പറഞ്ഞത്. അത് എന്തിനാണെന്നു ചോദിച്ചാൽ. ആദ്യം കഴുത പലകയിൽ കയറിയാൽ, ആളുകൾ പലക മുകളിലേക്കുയർത്തും. അപ്പോൾ പൂച്ചകൾക്കു കയറാൻ പറ്റില്ല. പലകയിൽ നിറയെ പൂച്ചകളെ കണ്ട ആളുകൾ അദ്ഭുതപ്പെട്ടു.

"ഇതെന്താണ് ഇത്രയും പൂച്ചകൾ ഈ കുഴിയിൽ ഉണ്ടായിരുന്നോ? എന്തിനാണ് അവയെ നമുക്ക്."

"അതു കയറിവരട്ടെ... മുകളിൽ എത്തിയാൽ ഉടനെ അവറ്റകൾ അങ്ങു പൊക്കോളും."

ഒരാൾ മറുപടി കൊടുത്തു. പക്ഷേ, കഴുതയുടെ ഉള്ളിൽ ഭയം നിറഞ്ഞുതുടങ്ങി. എല്ലാം ഒരു സാഹസമാണ്. എന്തു സംഭവിക്കുമെന്ന് അറിയില്ല. ചിലപ്പോൾ രക്ഷപെടാൻ കഴിയും. ചിലപ്പോൾ ഇനിയുള്ള കാലം മനുഷ്യന്റെ അടിമയായി ജീവിക്കേണ്ടിവരും. അങ്ങനെ പല ചിന്തകളുംകൊണ്ടാണ് ഡോസി മുകളിൽ എത്തുന്നത്. അവൻ വിചാരിച്ചപോലെതന്നെ മുകളിൽ എത്തിയയുടനെ ആളുകൾ വലകൊണ്ടു മൂടി. ഡോസി പറഞ്ഞതുപ്രകാരം തേളുകൾ കൂട്ടത്തോടെ ആളുകളുടെ അടുത്തേക്കു പാഞ്ഞുവന്നു. പക്ഷേ, ആളുകൾ അവരെ ദൂരേക്കു തട്ടി ത്തെറിപ്പിച്ചുകളഞ്ഞു.

"അമ്മേ... അയ്യോ." തേളുകൾ വേദനകൊണ്ടു പുളഞ്ഞു. ചിലർ നേരേ കുഴിയിലേക്കു തന്നെ വീഴുകയും ചെയ്തു. പിന്നെയും അവർ ആളുകളുടെ നേരേ പാഞ്ഞുവരാൻ ശ്രമിച്ചു. പക്ഷേ, മനുഷ്യരുടെ ശക്തിക്കു മുന്നിൽ തേളുകൾക്കു പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. ഡോസി അതു തീരെ പ്രതീക്ഷിച്ചില്ല.

"അയ്യോ... ആ പാവങ്ങളെക്കൂടി ഞാൻകാരണം കഷ്ടപ്പെടുത്തേണ്ടി വന്നല്ലോ."

ഡോസിക്കു ശരിക്കും വിഷമം തോന്നി. തനിക്കു രക്ഷപ്പെടാൻ പറ്റിയില്ലല്ലോ എന്നായിരുന്നില്ല ഡോസി ചിന്തിച്ചത്. പാവം തേളുകളെ ഓർത്തായിരുന്നു വിഷമം. നേരത്തേ തന്നെ പൂച്ചകൾ ഓടിയൊരു വലിയ മരത്തിന്റെ മറവിൽ ഒളിഞ്ഞിരുന്നു. അവരെല്ലാം കാണുന്നുണ്ടായിരുന്നു.

"പാവം ഡോസി. അവനെ സഹായിക്കാൻ നമുക്കു കഴിഞ്ഞില്ലല്ലോ കുഞ്ഞുങ്ങളേ."

കുഞ്ഞുപൂച്ചകൾക്കും അതു കേട്ടപ്പോൾ സങ്കടമായി.

"ഡോസിയെ അവർ വലയിലാക്കി."

ഡോസിയുടെ മുഖത്തു നോക്കിയ റായൽ കരഞ്ഞുപോയി... അവനെ സഹായിക്കാൻ കഴിഞ്ഞില്ലല്ലോ.

"സാരമില്ല റായൽ" ഡോസി ഒരു ചെറിയ പുഞ്ചിരിയോടെ പറഞ്ഞു. അപ്പോഴേക്കും ആളുകൾ അവനെ കൊണ്ടുപോയിക്കഴിഞ്ഞിരുന്നു.




കീര ഓടി റായലിന്റെ അടുത്തെത്തി. ശേഷം ഡോസിയുടെ പിന്നാലെയോടി. പിറകേ കുഞ്ഞിപ്പൂച്ചകളും റായലും. ഒരു വലിയ ഇറക്കമിറങ്ങി മനുഷ്യർ ഡോസിയെയുംകൊണ്ട് ഗ്രാമത്തിന്റെ പ്രധാന ഗേറ്റിനു മുന്നിലേക്കു നടന്നു. ഒരു മുല്ലച്ചെടിയുടെ മറവിൽ പൂച്ചകൾ മറഞ്ഞിരുന്നു. ഡോസിയെ എങ്ങോട്ടാണു കൃത്യം കൊണ്ടുപോകുന്നത് എന്നറിയാൻ വേണ്ടിയായിരുന്നു അത്. ദൂരെയൊരു വലിയ വീട് കീര കണ്ടു. അവിടം ലക്ഷ്യമാക്കിയാണ് ആളുകൾ പോകുന്നത്.

"ഓഹോ അവിടെയാണോ കൊണ്ടുപോകുന്നത്?" കീരയോർത്തു.

"ഞാൻ ഇത്രകാലവും താമസിച്ചിരുന്ന വീടാണ് അത്. അവിടെയുള്ളവർ എല്ലാം ക്രൂരരാണ്." അവളുടെ മനസ്സിൽ പേടി നിറഞ്ഞു. പക്ഷേ, അവൾ ആത്മവിശ്വാസത്തോടെ തന്നെ വീട്ടിലേക്കു പോകാൻ തീരുമാനിച്ചു. പെട്ടെന്ന് പിന്നിൽ നിന്നൊരു വിളി. പൂച്ച തിരിഞ്ഞു നോക്കിയതും പിന്നിൽ റായൽ.

"കീര, എനിക്കു വളരെ വിഷമമുണ്ട്. ഡോസിയെ സഹായിക്കാൻ കഴിഞ്ഞില്ലല്ലോ."

"അതു സാരമില്ല റായൽ. നീ ശ്രമിച്ചല്ലോ. ഞാൻ അതു പോലും ചെയ്തില്ല."

കീരയുടെ മുഖത്തു കുറ്റബോധം നിറഞ്ഞുതുളുമ്പി.

"ഞങ്ങൾ സ്വന്തം ജീവനുംകൊണ്ട് ഓടിപ്പോകുകയാണ് ചെയ്തത്."

കീരയുടെ കണ്ണുകൾ നിറഞ്ഞു.

"ആ സമയത്ത് നമുക്ക് ഒന്നും ചെയ്യാൻ പറ്റിയില്ല. പക്ഷേ, ഇനി നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയില്ലേ." കീരയുടെ ചോദ്യം റായലിന്റെ മനസ്സിനെ വലിയ രീതിയിൽ സ്വാധീനിച്ചു. കീര തുടർന്നു പറഞ്ഞു:

"അതേ.. ഞാൻ പറഞ്ഞത്, നമുക്ക് ഡോസിയെ സഹായിക്കണം. അവനൊരു പാവമാണ്. ഒരു ദിവസത്തെ പരിചയം മാത്രമേ ഉള്ളുവെങ്കിലും അവന്റെ നല്ല മനസ്സ് എനിക്കു മനസ്സിലായി. എന്റെ മനസ്സ് പറയുന്നത് അവന്റെ കഴിവും അറിവും ബുദ്ധിയുംകൊണ്ട് ഒരു കാടിന്റെ രാജാവാകാനും കഴിയുമെന്നാണ്."

"നീ പറഞ്ഞതുപോലെ നമുക്ക് ഡോസിയെ സഹായിക്കാം."

"പക്ഷേ, എങ്ങനെ?" കീര ചോദിച്ചു.

(തുടരും)

## സൗജന്യ നേത്രപരിശോധന ക്യാമ്പ് നടത്തി

പാലാ: സെന്റ് തോമസ് പ്രസ്-ദീപനാളം സ്ഥാപനങ്ങളുടെയും പാലാ ഇടിമണ്ണിക്കൽ എഡ്ജ് ഒപ്റ്റിക്കൽസിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്രപരിശോധനാ ക്യാമ്പ് നടത്തി. കണ്ണടകൾ പ്രത്യേക ഡിസ്കൗണ്ടിൽ ലഭിക്കുന്നതിനുള്ള പ്രിവിലേജ് കാർഡുകളും ക്യാമ്പിൽ പങ്കെടുത്തവർക്ക് വിതരണം ചെയ്തു. ദീപനാളം ഓഫീസിൽ നടന്ന ചടങ്ങിൽ മാനേജിങ് ഡയറക്ടർ ഫാ. സിറിയക് തടത്തിൽ, അസി. മാനേജർ ഫാ. മാത്യു തെന്നാട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു. ഇടിമണ്ണിക്കൽ എഡ്ജ് ഒപ്റ്റിക്കൽസ് (പാലാ) മാനേജർ അരുൺ അപ്പുക്കുട്ടൻ, മാർക്കറ്റിങ് മാനേജർ വിനു കൃഷ്ണൻ, ദീപനാളം മാർക്കറ്റിങ് ഓഫീസർ ജോയി മുത്തോലി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

കവിത

ശശികല മോഹൻദാസ്



## കതിരുകാണാക്കിളികൾ

ചുട്ടുപൊള്ളും അവനിപോലെ
ചുട്ടുനീറുന്നെന്റെയുള്ളം
മിഴിപ്പൂവിൽനിന്നുതിർന്നു
നീർമുത്തുകൾ തേങ്ങലായ്.

അട്ടഹാസങ്ങളാർത്തനാദങ്ങൾ
മുഴങ്ങിടും കാതിലനുദിനം
കരളുനീറിപ്പിടയും നൊമ്പരം
വിങ്ങുമോർമ്മയിൽ നെഞ്ചകം.

കതിരുകാണാക്കിളികൾപോലെ
പാറിചില്ലയിലങ്ങുമിങ്ങും
പാതിവെന്തൊരുടലുപോലെ
പ്രാണനുരുകും നൊമ്പരത്താൽ.

നിറഞ്ഞ മിഴിയായ് വിതുമ്പലായ്
നിലാവ് മാഞ്ഞൊരു വീഥിയിൽ
കൂരിരുട്ടിൽ അലഞ്ഞു ഞാനും
ദൂരെയാ പച്ചവെളിച്ചം തേടി.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028
സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

# വരുമോ ഇന്ത്യൻ ഫുട്ബോളിന് നല്ല കാലം?

**കളിക്കളം**



അനിൽ പി. മാണി

**ലോ**കകായികഭൂപടത്തിൽ ഇന്ത്യ ഇന്ന് അറിയപ്പെടുന്നത് ക്രിക്കറ്റിന്റെ നാമത്തിലാണ്. ക്രിക്കറ്റിനെയും അതിന്റെ എല്ലാ ആഘോഷങ്ങളെയും ഇന്ത്യൻ ആരാധകർ ഏറ്റെടുത്തു. ഇങ്ങനെ ലോകത്തിലെ ഏതു ക്രിക്കറ്റ് ശക്തികളെയും വെല്ലുവിളിക്കാൻ നാം വളർന്നെങ്കിലും നമ്മുടെ നാട്ടിൻപുറങ്ങളിൽ ഒരിക്കൽ ആവേശത്തിന്റെ തീക്കനൽ വാരിവിതറിയ ഫുട്ബോൾ എന്ന മാമാങ്കത്തെ മറക്കാൻ സാധിക്കില്ല.



പിന്നിട്ട കാലത്തിൽ ഒരുപിടി പ്രതിഭാധനരായ ഫുട്ബോൾ കളിക്കാർ ജീവിച്ചിരുന്ന മണ്ണാണ് കേരളം. ഇന്ത്യൻ ഫുട്ബോളിന്റെ വാഗ്ദാനങ്ങളായി നിലനിന്നിരുന്ന ഐ.എം. വിജയൻ, സത്യൻ... അങ്ങനെ നീണ്ടുപോകുന്നു ആ പട്ടിക.

എന്നാൽ, ഇന്ന് ഇന്ത്യൻ ഫുട്ബോളിന്റെ മുഖമുദ്ര മാറ്റിയെഴുതാനാരംഭിച്ച ഇന്ത്യൻ സൂപ്പർലീഗ് പാതിവഴിയിൽ അസ്തമിച്ചുകൊണ്ടിരിക്കുന്നു. ഇനിയെന്ത് എന്നുള്ള ചോദ്യത്തിന് ഇതുവരെ ഇന്ത്യൻ ഫുട്ബോൾ ആരാധകർക്ക് ഉത്തരം ലഭിച്ചിട്ടില്ല.

ആധുനികകാലഘട്ടത്തിന്റെ ഒരു ദുര്യോഗം, ഏതൊരു കായികവിനോദത്തെയും വാണിജ്യപരമായി, ലാഭനഷ്ടക്കണക്കുകൾ നോക്കി വിലിയിരുത്തുന്ന രീതിയാണ്. ഇന്ത്യൻഫുട്ബോൾ നേരിടുന്ന പ്രശ്നവും അതാണ്. കേരളത്തിന്റെ വലിയ മൈതാനങ്ങളിൽ മാത്രമല്ല, ഓരോ ചെറിയ ഗ്രാമങ്ങളിൽപ്പോലും ആവേശം തീർക്കുന്ന കാൽപന്തുകളി നമുക്കു കാണാൻ കഴിയും. സെവൻസ് പോലുള്ള മത്സരങ്ങൾ അതിനുദാഹരണമാണ്. മികച്ച പരിശീലമോ സഹായമോ ലഭിക്കാതെ അനേകം യുവാക്കളുടെ ഭാവി ചെറിയ മൈതാനങ്ങളിൽ അടിയറവു വയ്ക്കപ്പെടുന്നു.

ലോകഫുട്ബോളിൽ ഇന്ത്യയുടെ സ്ഥാനം ഏറെ പിന്നിലാണ്. മൂന്നും നാലും കോടി ജനങ്ങൾ ജീവിക്കുന്ന ചെറിയ രാജ്യങ്ങൾ ലോകകപ്പിൽ പന്തു തട്ടുമ്പോൾ 123 കോടിയിലധികം ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ ഇന്ത്യയിൽനിന്ന് ഒരിക്കലെങ്കിലും മികച്ചൊരു ടീമുണ്ടായി ലോകകപ്പിൽ പന്തു തട്ടുകയെന്നത് ഓരോ ഇന്ത്യൻ ഫുട്ബോൾ ആരാധകന്റെയും സ്വപ്നമാണ്. എന്നാൽ, കഴിവുള്ള യുവാക്കളുടെ യാത്ര ഏതെങ്കിലും പാടത്തോ പറമ്പിലോ അവസാനിക്കുന്നു. കോഴിക്കോടും, മലപ്പുറവും ഫുട്ബോളിനെ നെഞ്ചേറ്റുന്ന ജില്ലകളാണ്. ഇന്ത്യൻ സൂപ്പർലീഗിന്റെ സമയത്ത് കൊച്ചിയിലേക്ക് ഒഴുകിയെത്തുന്ന ജനങ്ങളിൽ ഭൂരിപക്ഷവും ഈ രണ്ടു ജില്ലകളിൽ നിന്നാണ്.

ഇന്ത്യൻഫുട്ബോളിന് പുതിയൊരു മുഖം നല്കാൻ കഴിയുമെന്ന് ഏറെ പ്രതീക്ഷ നല്കിയ മാമാങ്കമായിരുന്നു ഐഎസ്എൽ. വിവിധ രാജ്യങ്ങളെ പ്രതിനിധീകരിച്ച് വിദേശകളിക്കാർ പങ്കെടുത്ത, അതോടൊപ്പം ഇന്ത്യയിലെ മികച്ച യുവഫുട്ബോൾ താരങ്ങൾക്ക് പുതിയൊരു ഊർജ്ജം പകർന്ന ഐ.എസ്.എൽ. കേരള ബ്ലാസ്റ്റേഴ്സ് എന്ന പേരിൽ കേരളത്തിനും ഒരു ടീമായി. കൊച്ചി കലൂർ സ്റ്റേഡിയത്തിൽ ആവേശത്തിന്റെ തിരമാല തീർക്കാൻ കേരളത്തിന്റെ ഫുട്ബോൾ ആരാധകർ കച്ച കെട്ടിയിറങ്ങിയപ്പോൾ ഇന്ത്യൻ ഫുട്ബോളിനെ എന്നല്ല ലോകഫുട്ബോളിനെത്തന്നെ വെല്ലുവിളിക്കുന്നതായി. അതിനൊപ്പം ആരാധകക്കൂട്ടായ്മയിൽ ലോകക്ലബുകളോട് കിടപിടിക്കുന്ന ഫാൻബേസും.

ഇന്ന് ഐഎസ്എലിന്റെ ഭാവി ചോദ്യചിഹ്നമായി മാറിയിരിക്കുന്നു. ഒരുപാടു യുവതാരങ്ങൾക്ക് പ്രതീക്ഷ നൽകുന്ന ഒന്നായിരുന്നു ഐഎസ്എൽ. ഇതിനിടെയാണ് കേരളത്തിന്റെ മണ്ണിലേക്ക് ലോകഫുട്ബോളിന്റെ മാന്ത്രികനായ മെസി കൊച്ചിയിലെത്തുന്നത്. കലൂർ സ്റ്റേഡിയത്തിൽ അർജന്റീന ടീം ഓസ്ട്രേലിയുമായി മത്സരിക്കുന്നു. ഇതു മികച്ചൊരു കാൽവയ്പാണ്. കേരളത്തിലെ ഓരോ കാൽപന്തുകളിക്കാരനും അഭിമാനിക്കാവുന്ന നിമിഷങ്ങൾ! ഫുട്ബോളിലെ മിശിഹാ എന്നറിയപ്പെടുന്ന, ലോകം കണ്ടഏറ്റവും മികച്ച ഫുട്ബോൾ കളിക്കാരൻ തന്റെ ഇടതു-വലതു കാൽകൊണ്ട് തീയുണ്ടവേഗത്തിൽ കേരളമണ്ണിൽ പന്തുരുട്ടുമ്പോൾ ചരിത്രം പുതിയൊരു മുഹൂർത്തത്തിനു സാക്ഷ്യം വഹിക്കും.

എങ്കിലും ഏതെങ്കിലും ഒരാളെ കൊണ്ടുവന്ന് മറയ്ക്കാൻ കഴിയുന്നതല്ല ഇന്ത്യൻ ഫുട്ബോളിന്റെയും കേരളഫുട്ബോളിന്റെയും പ്രശ്നങ്ങൾ. മറ്റു രാജ്യങ്ങൾ നല്കുന്ന പരിശീലനമോ, പ്രവർത്തനമികവോ ഇവിടുത്തെ ഭരണകൂടങ്ങൾ കാണിക്കുന്നില്ല. മറ്റു രാജ്യങ്ങളിൽ ഒരു കുട്ടിയെ ചെറുപ്പംതൊട്ടേ തീവ്രപരിശീലനത്തിലൂടെ കടത്തിവിട്ട് മികച്ചൊരു ഫുട്ബോൾ കളിക്കാരനാക്കി മാറ്റുന്നു. എന്നാൽ, ഇന്ത്യയിൽ ഒരു ഫുട്ബോൾ ടീം എന്ന രീതിയിൽ, ക്ലബ് എന്ന നിലയിൽ മാനേജുമെന്റ് മുതലുള്ള ഇടപെടലുകൾ പലപ്പോഴും ഒരു കായികതാരത്തിന്റെ വളർച്ചയ്ക്കു വിഘാതം സൃഷ്ടിക്കുന്നില്ലേയെന്നു ചിന്തിക്കണം.

ഇന്ത്യൻ ഫുട്ബോളിന് ഇനിയൊരു മാറ്റം അനിവാര്യമാണ്. ആരംഭകാലഘട്ടത്തിലെ മികച്ച പരിശീലനങ്ങളും മികച്ച കായികപഠനകേന്ദ്രങ്ങളും ആരംഭിക്കുക, മികച്ച ഫുട്ബോൾ അക്കാദമികൾ ആരംഭിക്കുക, ചെറുപ്പത്തിലേ മികച്ച പരിശീലനങ്ങൾ നല്കുക. ഒരിക്കൽ ഇന്ത്യൻ ടീം ഇന്ത്യൻ മൈതാനങ്ങളിൽ മാത്രമല്ല, ലോകഫുട്ബോളിന്റെ ആഡംബരമൈതാനങ്ങളിൽവരെ തങ്ങളുടെ മികവു പുലർത്തുന്ന കാലം വരുമെന്നു പ്രത്യാശിക്കാം. അപ്പോൾ ആവേശത്തിന്റെ അലയടികളുയർത്താൻ ഇന്ത്യൻആരാധകർക്കു കഴിയട്ടേയെന്നു പ്രാർഥിക്കുന്നു.

---

കവിത | എസ്. ബി. പണിക്കർ

## മർത്ത്യരെ ചേർത്തുനിർത്തിയോൻ

ലാളിത്യത്തിൻ മൂർത്തരൂപം
ശാന്തം മാനസ,മപ്പുറം
ലാഭം നോക്കാതുള്ള സൗഹൃദം,
ലോകർക്കു പ്രിയമാർന്നവൻ

നിന്ദിതർ, പീഡിതർ പിന്നെ
നിരാശക്കയങ്ങൾ നീന്തി
തോണിയായ്ക്കണ്ടണഞ്ഞവൻ,
ഫ്രാൻസിസ് പാപ്പയെന്നുമേ.

പ്രകാശഗോപുരം ശ്രേഷ്ഠം
ആത്മാവിൻ ദിവ്യഭാവവും
ധർമവും നീതിയും സത്യം
പുലർത്തുന്ന മഹാഗുരു.

മതങ്ങൾ ജാതികൾ വിട്ടു
മർത്ത്യരെ ചേർത്തുനിർത്തിയോൻ
മാനുഷ്യകം നോക്കിക്കണ്ടി-
ട്ടകമേ പുഞ്ചിരിച്ചവൻ.

വിശുദ്ധനെന്നിരിക്കിലും
പലരെ ശുദ്ധി ചെയ്തവൻ
ലോകരാം അജഗണത്തിൻ
ക്ഷേമം നോക്കാൻ പിറന്നവൻ

കുരുന്നിനെ തൃക്കരം താങ്ങി
കൗതുകം പൂണ്ടു നില്ക്കവേ
ശിശുവായ് രക്ഷകൻ ഭൂവിൽ
അവതരിച്ചതുമോർത്തുവോ?

പന്ത്രണ്ടു രോഗിതൻ പാദം
കഴുകിശ്ശുചിയാക്കവേ
പന്ത്രണ്ടു ശിഷ്യരെക്കണ്ടു
പുളകം ചാർത്തിനിന്നിതോ?

ഇഹത്തിന്നമ്മമാരെല്ലാം
സ്വന്തം മാതാവുതന്നെയായ്;
വത്തിക്കാനിൽ പ്രവർത്തിക്കാൻ
സന്ദർഭം സ്ത്രീക്കു നല്കിയോൻ.



ഉയരങ്ങൾ നോക്കീടാതെ
മണ്ണിൽ നോക്കി നടന്നവൻ
ഹൃദയത്തിൻ ഭാഷയാലേ
മേലങ്കിച്ചേലണിഞ്ഞവൻ

പാവങ്ങൾക്കു കൂടാരങ്ങൾ
പണിയാൻ കനിവാർന്നവൻ
മതവർണങ്ങൾ ഭക്ഷിക്കിൽ
വിശപ്പാറില്ല ലോകമേ!

Deepanalam Weekly

RNI No : 16998/68
Vol. 58 No. 33 Date of Publication 16 October 2025
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



# പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ
# കൂത്താട്ടുകുളം ടൗൺ ഫൊറോനാ പള്ളിയിൽ
# വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

## 2025 ഒക്ടോബർ 19 ഞായർ മുതൽ 28 ചൊവ്വ വരെ

**തിരുനാൾ ദിവസങ്ങളിൽ**

രാവിലെ 5.30, 7.00, 10.00, വൈകുന്നേരം 5.00 എന്നീ സമയങ്ങളിൽ
**വിശുദ്ധ കുർബാന, നൊവേന, വാഴ്വ്, അരിനേർച്ച**
വൈകിട്ട് 6.15 ന് 1001 എണ്ണത്തിരി തെളിക്കൽ ശുശ്രൂഷ

ഒക്ടോബർ 19 ഞായർ വൈകുന്നേരം 5 മണിക്ക്
കൊടിയേറ്റ്, വി. കുർബാന : **മോൺ. ജോസഫ് തടത്തിൽ** (മുഖ്യവികാരി ജനറാൾ, പാലാ രൂപത)

ഒക്ടോബർ 21 ചൊവ്വ രാവിലെ 10.00 മണിക്ക്
**ആഘോഷമായ വി. കുർബാന** (സീറോ മലങ്കരക്രമത്തിൽ), **സന്ദേശം**
കാർമികൻ : **ഡോ. യൂഹാനോൻ മാർ തിയോഡോഷ്യസ്**
(മൂവാറ്റുപുഴ, മലങ്കര കത്തോലിക്കാ രൂപത മെത്രാൻ)

**പ്രധാന തിരുനാൾദിനമായ ഒക്ടോബർ 28–ന്**
വിശുദ്ധന്റെ തിരുശേഷിപ്പ്
വണങ്ങുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും
അന്നേദിവസം രാവിലെ 7.00 മുതൽ നെയ്യപ്പനേർച്ച ആരംഭിക്കും

എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 5.30, 7.00, 10.00, 11.45 ഉച്ചകഴിഞ്ഞ് 3.00, 5.00 എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും വാഴ്വും അരിനേർച്ചയും വൈകിട്ട് 6.15 ന് 1001 എണ്ണത്തിരി തെളിക്കൽ ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്.



ലിംകാ ബുക് ഓഫ് റെക്കോർഡ്സിൽ ഇടംനേടിയ ലോകത്തിലെ ഏറ്റവും വലിയ നിലവിളക്ക്

വി. യൂദാശ്ലീഹായുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

*Administrator, Doctors & Staff*

**DEVAMATHA HOSPITAL**

*Super Speciality care for the common man*

M.C. Road, KOOTHATTUKULAM
Ph: 0485 - 2252271, 9400652271



**തോട്ടത്തിൽ വാച്ച് ഹൗസ്**

കൂത്താട്ടുകുളം. PH: 8714347020, 9447303020

TITAN CASIO CITIZEN fastrack TIMEX SONATA

തിരുനാൾ ആശംസകൾ
കണ്ണടകൾക്ക് അമ്പരപ്പിക്കുന്ന വിലക്കുറവ് !

**കുന്നുമ്മേൽ ഒപ്റ്റിക്കൽസ്**

ഗവ. ഹോസ്പിറ്റലിന് എതിർവശം
എം.സി. റോഡ്, കൂത്താട്ടുകുളം
PH: 9447609165



*Free Computerised Eye Testing*

തിരുനാൾ ആശംസകൾ

**BHARATH ALUMINIUM**

NEAR HOLY FAMILY CHURCH, PANDIYAMAKKAL ARCADE,
KOOTHATTUKULAM, PH: 9745577722, 9745514500
bharathaluminiumkklm@gmail.com
Suppliers of Aluminium powder coated, anodized, electro - coloured wood-grain finished fabrication materials, Grill, PVS Coating sheet, PVC door
Steel Doors, FRP Doors, Fero Doors, upvc, Wpc, Steel Windows

തിരുനാൾ ആശംസകൾ

**സ്വാതി**
**ഓഫ്സെറ്റ് പ്രിന്റേഴ്സ്**

കൂത്താട്ടുകുളം
Mob: 9447052951

രാമപുരം
Mob: 9447973957

ഞങ്ങളുടെ സഹോദരസ്ഥാപനം

**GUIDELINE DESIGNERS**
N.S.S. Arcade, Koothattukulam Mob: 9447465103

പ്രമുഖ കമ്പനികളുടെ ഇലക്ട്രിക്കൽ, സാനിട്ടറി ഉത്പന്നങ്ങളുടെ വിപുലമായ ശേഖരം

**ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ**
എം.സി. റോഡ്, കൂത്താട്ടുകുളം
Ph: 0485–2252518, 2252401 (O), 2253401 (R), Mob 9447122524

**ജനറൽ മാർക്കറ്റിംഗ് ഏജൻസീസ്**
നടപ്പുറം ബൈപ്പാസ് റോഡ്, കൂത്താട്ടുകുളം
Ph: 0485–2252518 (O), Mob:9447122524

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org